ബി. പോളിവോയ്

ഞങ്ങൾ സോവ്യററ് ജനങ്ങൾ

DISTRIBU INS LIBRARY
No. DM 4941
KOTTAYAM.

എല്ലാതരം എക്കൌണ്ട് & നോട്ടുബുക്കുകൾക്കും ഞങ്ങളെ സമീപിക്കുക.
P. I. KAKKU & SON,
BOOK SELLER'S,
Municipal Road, TRICHUR.

സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരണം

ഞങ്ങൾ
സോവ്യററ് ജനങ്ങൾ

(ഒരു റഷ്യൻ കഥ)

DISTRIBUTING LIBRARY, KOTTAYAM.

ഗ്രന്ഥകർത്താ:

ബി. പോളിവോയ്

KOTTAYAM PUBLIC LIBRARY KOTTAYAM
83755

പരിഭാഷകൻ

വി. സുബ്രഹ്മണ്യൻ, ഒല്ലൂക്കര

നാഷനൽ ബുക്ക് സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

വില 8 ണ,

ഒന്നാംപതിപ്പ്
കോപ്പി 1000
1952 മാർച്ച്
പകർപ്പവകാശം
സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തത്തിന്ന്

MF9

അച്ചടി-
ഇൻഡ്യാപ്രസ്സ്, കോട്ടയം

DISTRIBUTING LIBRARY, No. KOTTAYAM.

ഞങ്ങൾ സോവിയററു ജനങ്ങൾ

ആ പെൺകുട്ടിക്കു് ഏതാണ്ടു് പത്തൊമ്പതുവയസ്സു പ്രായം കാണും. മെലിഞ്ഞു് ഒതുക്കമുള്ള ശരീരം. കൗമാരസഹജമായ ഒരോമനത്തം അവളുടെ കോമളവദനത്തിൽനിന്നും തീരെ മാഞ്ഞുപോയിട്ടില്ല. നീണ്ടിടംപെട്ടതും വെട്ടിത്തിളങ്ങുന്നതുമായ ഉജ്ജ്വല നീലനയനങ്ങൾ; നിബിഡമായി വളൎന്ന കറുത്ത ചില്ലിക്കൊടികൾ: ജിജ്ഞാസയും ആശ്ചൎയ്യവും ദ്യോതിപ്പിക്കുന്ന നോട്ടം. "സഖാക്കളേ, യഥാൎത്ഥത്തിൽ, എല്ലാം ഇങ്ങനെ അത്ഭുതകരമായിട്ടുള്ളതാണോ,—അതോ ഞാൻ വെറുതെ വിചാരിക്കുകയോ?" എന്നിങ്ങനെ നിങ്ങളോടു ചോദിക്കുകയാണോ എന്നു തോന്നും അവളുടെ ആ നോട്ടം കണ്ടാൽ.

അമിതമായി തട്ടിത്തഴച്ചുവളൎന്ന ചുരുണ്ട തലമുടി അത്യായാസത്താൽ ചിന്നിച്ചിതറി അവളുടെ പുറകിൽ കിടന്നിരുന്നു. പരിശുദ്ധമായ ഒരു മോഹനഗാനത്തെ കൎക്കശമായ ഒരപശബ്ദമെന്നപോലെ, അവളുടെ കോമളശരീരത്തെ അതല്പമൊന്നു് അലങ്കോലപ്പെടുത്തിയിരുന്നു,

വേനൽക്കാലത്തുപയോഗിക്കാറുള്ള ഒരുതരം നേരിയ ഉടുപ്പുകളാണവൾ ധരിച്ചിട്ടുള്ളത്. വെയിൽകൊണ്ട് വാടിത്തളൎന്നതെങ്കിലും, ആ കുമാരിയുടെ കോമളമായ ഉത്തുംഗശിരസ്സിനെ താങ്ങിനിൽക്കുന്ന ലോലകണ്ഠത്തിൽ ഒരു സ്വൎണ്ണച്ചെയിൻ മാത്രം അവൾ അണിഞ്ഞിട്ടുണ്ട്.

അലങ്കരിച്ചുതുടച്ച അടിക്കുപ്പായവും മേൽക്കുപ്പായവും മററും ധരിച്ചിട്ടുള്ളവരുടെയിടയിൽ കേവലമൊരു നേരിയ ബ്ലൗസുമാത്രം ഇട്ടിട്ടുള്ള തനിക്ക് സ്ഥാനമില്ലെന്നവൾ മനസ്സിലാക്കിയിട്ടുണ്ടായിരിക്കണം; ആരുടേയോ ഒരു കട്ടികൂടിയ വലിയ കോട്ട് അവൾ തോളിലിട്ടിരുന്നത് അതുകൊണ്ടായിരിക്കാം. കാററു തീരെ വീശാത്ത ആഗസ്ററുമാസത്തിലെ അത്യുഷ്ണമുള്ളൊരു സായാഹ്നവേള. വെള്ളയടിച്ച ഒരു ഉക്രേനിയൻ കുടിലിൻെറ അങ്കണത്തിൽ ഇരിക്കുകയാണ് ആ പെൺകുട്ടി. അപ്പോഴും ആ കോട്ട് അവളുടെ തോളിൽക്കിടന്നിരുന്നു.

തലസ്ഥാന നഗരമായി ഉപയോഗിച്ചുപോന്നിരുന്ന ആ സാധാരണ ഗ്രാമത്തിലെ പൊതുജീവിതത്തെ അവിടെയിരുന്ന് അതിയായ താല്പൎയ്യത്തോടെ നോക്കി മനസ്സിലാക്കുകയാണവൾ. ചെറിവൃക്ഷങ്ങൾ നിറഞ്ഞ ഒരു ഉദ്യാനത്തിൻെറ തണലിൽ തുറന്ന ഒരു മിലിററി ജീപ്പ കിടന്നിരുന്നു. എണ്ണയും കരിയും പുരണ്ട് വൃത്തിഹീനമായ ഉടുപ്പുകളിട്ട ചില ഡ്രൈവർമാർ അതിൻെറ എഞ്ചിനടുത്തിരുന്ന് 'സൊള്ളി'ക്കൊണ്ടിരുന്നു. ചെവിക്കുമുകളിൽ ഒരുപുറത്തേയ്ക്കു ചെരിച്ചുകൊണ്ട് തൊപ്പിധരിച്ച ഒരു പട്ടാളശിപായി, വലിയൊരെഴുത്തുസഞ്ചി തോ

ളിലിട്ടുകൊണ്ട്, പട്ടാളോദ്യോഗസ്ഥന്മാക്കുള്ള എഴുത്തു കൾ വഹിച്ചു പോകുമ്പോൾ അവക്ക് സാധാരണയായു ണ്ടാകാറുള്ള ഒരു പ്രത്യേക തുറിച്ചുനോട്ടത്തോടെ, അവളു ടെ അടുത്തുകൂടി കടന്നുപോയി. ആ തോട്ടത്തിൻെറ മ റുഭാഗത്തുള്ള വേലിക്കരികേക്കൂടി സ്ഥൂലശരീരനായ ഒരു ഉപസൈന്യാധിപൻ, കൈകൾ രണ്ടും പിന്നോക്കം പി ണച്ചുകെട്ടി, ആലോചനാനിമഗ്നനായി അങ്ങിങ്ങു ലാത്തി ക്കൊണ്ടിരുന്നു; വൃത്തിയുള്ള ഉടുപ്പുകളാണയാൾ ധരിച്ചി ട്ടുള്ളതു്; അരയിൽ മുറുക്കി ഒരു ബൽട്ടു കെട്ടിയിരുന്നു; അയാളുടെ ബൂട്ട്സിൻെറ "ക്രെ ക്രെ" ശബ്ദം അവിടമെ ങ്ങും മാറെറാലിക്കൊണ്ടിരുന്നു. വീടിൻെറ പിൻവശത്തു ള്ള ഹരിതാഭമായ ശാദ്വലപ്രദേശത്തു്, ചില കാവൽഭ ടന്മാർ തങ്ങൾക്കന്നു് അവരുടെ വീടുകളിൽനിന്നും വന്ന എഴുത്തുകൾ അന്യോന്യം മാറിമാറി വായിച്ചുകൊണ്ടു് അലഞ്ഞുനടന്നിരുന്നു—ഇങ്ങനെ തൻെറ ചുററുപാടുമുള്ള ഓരോരുത്തരേയും സ്നേഹവും ജിജ്ഞാസയും തുളുമ്പുന്ന ക ണ്ണുകളാൽ ആ പെൺകുട്ടി നോക്കിയിരിക്കുകയാണു്.

"വിശന്നുപൊരിയുന്നവളേപ്പോലെ ഞാൻ എല്ലാ ത്തിനേയും സതൃഷ്ണം വീണ്ടും വീണ്ടും നോക്കിക്കൊണ്ടിരി ക്കുകയാണു്. എന്നിട്ടും എനിക്കു മുഴുവനും നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നില്ല ആ വിചാരം നിങ്ങൾ ക്കൊരിക്കലും മനസ്സിലാക്കാൻ സാധ്യമല്ല. തൻെറ സ്വ ന്തം നാട്ടുകാരിൽനിന്നും, തങ്ങൾക്കേററവും പ്രിയപ്പെട്ട തും താൻ ഉപയോഗിച്ചിരുന്നതുമായ എല്ലാ മോഹനവ സ്തുക്കളിൽനിന്നും വളരെക്കാലമായി അകന്നു ജീവിക്കുന്ന വക്കും, വിദേശങ്ങളിൽ സ്വന്തപ്പെട്ടവരാരുമില്ലാതെ വി

ഷമകരമായ ജീവിതം നയിച്ചുപോരുന്നവക്കും മാത്രമേ അതു് മനസ്സിലാക്കുവാൻ കഴിയുകയുള്ളു!" പതിഞ്ഞതാതെ ങ്കിലും മനോഹരസ്വരത്തിൽ അവൾ പറഞ്ഞു.

ഒരുനിമിഷം മുമ്പുവരെ അവളുടെ കോമളവദനത്തിൽ ലാലസിച്ചിരുന്ന ബാലസഹജമായ ആ നിഷ്കളങ്കനോട്ടം, കാററിൽ പറന്നുപോയപോലെ ക്ഷണം അപ്രത്യക്ഷമായി. തോളിലിട്ടിരിക്കുന്ന ആ പരുപരുത്ത കോട്ട് ചലിക്കത്തക്കവിധം, കുറഞ്ഞൊരു വെറുപ്പോടെ, അവൾ തോളിട്ടൊന്നു കുലുക്കിയതായി എനിക്കു തോന്നി.

ഇത്രമാത്രം മൃദുലശരീരയും ലഘുചിത്തയുമായി കാണപ്പെടുന്ന ഈ ചെറുപെൺകുട്ടി ഏററവും അപായകരവും ചുമതലയേറിയതുമായ എല്ലാത്തരം മിലിററി ജോലികളും നിർവ്വഹിച്ചുകൊണ്ടിരുന്നു എന്നു് വിശ്വസിപ്പാൻ പ്രയാസമാണു്; സമരരംഗങ്ങളുടെ പിന്നണിയിലാണെങ്കിലും, ജീവിതത്തിൻെറ ഓരോ നിമിഷവും ആപത്തിൻെറ വക്കത്തോളമെത്തിച്ചുകൊണ്ടു് ശത്രുക്കളുടെ ഗതി മുൻകൂട്ടിക്കണ്ടറിഞ്ഞു് പ്രതിരോധനടപടികളെടുക്കുവാൻ കമാൻഡർമാരെ സഹായിക്കത്തക്ക രഹസ്യവാത്തകൾ അപ്പപ്പോൾ തലസ്ഥാനത്തേയ്ക്കെത്തിക്കുന്ന അത്ഭുതാവഹമായ പ്രവത്തിയിലേപ്പിട്ടിരുന്ന ഒരു ധീരനായികയായിരുന്നു അവളെന്നു വിശ്വസിപ്പാൻ പ്രയാസം. സാധാരണയായി ഇത്തരം പ്രവത്തനങ്ങളിലേർപ്പെടുന്നവർ അധികം സംസാരിക്കാത്ത ഗൗരവക്കാരായിരിക്കണമെന്നൊരു നിയമമുണ്ടു്. എന്നാൽ ഈ പെൺകുട്ടിയെ അവർ കലവറകൂടാതെ പ്രശംസിച്ചിരുന്നു; അതിനവർ യാതൊരു ലോഭവും കാണിച്ചിരുന്നില്ല.

'ബിർച്ച്ട്രി' എന്ന പേരിൽ അവൾ അറിയപ്പെട്ടിരുന്നു. ഈ പേർ അവൾക്ക് ലഭിപ്പാനിടയായതു് എങ്ങനെയെന്നെനിക്കറിയില്ല; എന്നാൽ അവൾക്ക് കൊടുക്കുവാൻ ഇതിലും നല്ലൊരു പേർ ഒരാൾക്കും കണ്ടുപിടിക്കുവാൻ പ്രയാസമാണു്. അസ്പഷ്ടമായ ഒരു വായുചലനത്തിൽപ്പോലും ഇലകൾ മുഴുവൻ ഇളകത്തക്കവിധം ആടിയുലയുന്ന ലളിതകോമളമായ ഒരു രജതഭൂർജവൃക്ഷത്തിൻെറ പ്രതീതിയാണു്, യഥാൎത്ഥത്തിൽ, അവൾ നിങ്ങളിലുളവാക്കുക. ഇത്തരം പ്രവൎത്തികളിലേർപ്പെട്ടനവൎക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ചില ഗുണഗണങ്ങളുണ്ടു്;– ഉറച്ച ധൈര്യം, മനക്കരുത്തു്, ഓരോന്നും നിസ്സംശയം കണക്കാക്കുവാനുള്ള വൈദഗ്ദ്ധ്യം മുതലായവ. ഇതെല്ലാം അവൾക്ക് ധാരാളമുണ്ടെന്നു് കാഴ്ചയിൽത്തന്നെ തോന്നപ്പെട്ടിരുന്നു. ഒരുപക്ഷേ ഇതായിരിക്കാം, ഏററവും വിഷമകരമായ പ്രവൎത്തികളിൽപ്പോലും, അവൾക്ക് ഒരിക്കലും പിഴയ്ക്കാത്ത വിജയം ലഭിച്ചുകൊണ്ടിരിക്കുവാൻ കാരണം.

അവളുടെ ശരിയായ പേർ ഒരിക്കലും പുറത്തു പറകയില്ലെന്നു് എന്നേക്കൊണ്ടു് സത്യം ചെയ്യിപ്പിച്ചതിന്നുശേഷം മാത്രമേ, ആ പട്ടാളമേലധികാരി അവളുടെ പട്ടാളജീവിതകഥ എന്നോടു പറഞ്ഞുതന്നുള്ളു.

വിശ്രുതനായ ഒരു പ്രൊഫസറുടെ ഏകസന്താനമാണവൾ. ഒരു കുലീനകുടുംബത്തിൽ അവൾ വളൎന്നു; ഉന്നതവിദ്യാഭ്യാസം നേടി; സംഗീതകലയിലും പാട്ടിലും അപാരപാടവം ആൎജ്ജിച്ചു. ചെറുപ്പത്തിൽതന്നെ, ഉക്രേനിയൻ, റഷ്യൻ, ഫ്രഞ്ചു്, ജൎമ്മൻ എന്നീ ഭാഷയെല്ലാം

ഒരുപോലെ വൈദഗ്ദ്ധ്യത്തോടെ സംസാരിക്കുവാൻ പഠിച്ചു. യുദ്ധം തുടങ്ങിയപ്പോൾ സർവ്വകലാശാലയിലെ അവസാനത്തെ ക്ലാസ്സിൽ പഠിക്കുകയായിരുന്നു അവൾ. ഭാഷാസാഹിത്യശാസ്ത്രത്തിലും പാശ്ചാത്യസാഹിത്യ നവോത്ഥാനത്തിലും അവൾക്ക് അതിയായ താല്പര്യമുണ്ടായിരുന്നു. റസൈൻ (Racine) എന്ന നാടകത്തെക്കുറിച്ച് അക്കാലത്ത് അവൾ ഒരു നിരൂപണമെഴുതുകയും അന്നൊരു കലാശാലാമാസികയിൽ അതു പ്രസിദ്ധീകരിക്കപ്പെടുകയുംകൂടിയുണ്ടായിട്ടുണ്ട്.

യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അവൾ ചില ഡിപ്ലോമാ പരീക്ഷകൾക്കു പോവാൻ തയാറാവുകയായിരുന്നു. എന്നാൽ മാതാപിതാക്കളുടെ ഹിതം നോക്കാതെ, അവൾ ആ പരിശ്രമമെല്ലാം ഉപേക്ഷിക്കുകയും നഴ്സിങ്ങ് പരിശീലനത്തിന്നു പോവുകയും ചെയ്തു. സമരമുന്നണിയിലേയ്ക്കു പോകുവാൻ അവൾ നിശ്ചയിച്ചു. പക്ഷേ അവളുടെ പ്രഥമശുശ്രൂഷാപരിശീലനകാലം കഴിയുന്നതിന്നുമുമ്പ് അവളുടെ സ്വദേശമായ ആ ചെറുപട്ടണത്തിലും ശത്രുക്കൾ എത്തിക്കഴിഞ്ഞു. അതുകൊണ്ട് അവൾക്ക് ആ പരിശീലനം മുഴുമിപ്പിക്കുവാൻ കഴിഞ്ഞില്ല. ആ പട്ടണാതിർത്തികൾപോലും ഒരു സജീവപ്രവർത്തനരംഗമായി മാറി. അല്പദിവസമങ്ങനെ അവൾ തന്റെ സഹപാഠിനികളോടുകൂടി മുറിവേററവരെ പോർക്കളത്തിൽ നിന്നെടുത്തുകൊണ്ടു വരുന്നതിലും അഭയാർത്ഥികൾക്കുള്ള ആസ്പത്രിയിൽവെച്ച് അവരെ ശുശ്രൂഷിക്കുന്നതിലും സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ ശത്രുക്കൾ പട്ടണത്തിന്റെ നാലു പുറത്തുനിന്നും ഉള്ളോട്ടു നീങ്ങിനീങ്ങി വന്നു

തുടങ്ങി. പട്ടണത്തിൽനിന്നും സാധാരണക്കാരെല്ലാം ഒഴിഞ്ഞുപോകണമെന്നു കല്പനയായി. ജനങ്ങൾ അങ്ങിങ്ങൊഴിഞ്ഞുപോയിത്തുടങ്ങി. അവളുടെ മാതാപിതാക്കളും അക്കൂട്ടത്തിൽ അവിടെനിന്നും പോകുവാൻ തീർച്ചപ്പെടുത്തി. തങ്ങളുടെ കൂടെ വരുവാൻ അവർ മകളെ നിർബ്ബന്ധിച്ചു.

"ആരിൽ അധികം നിക്ഷേപിക്കപ്പെടുന്നുവോ, അവനിൽനിന്നും കൂടുതൽ പ്രതീക്ഷിക്കപ്പെടുന്നു എന്നൊരു പഴഞ്ചൊല്ലുണ്ട്." അവളുടെ അച്ഛൻ പറഞ്ഞു: "യുദ്ധത്തിൽ മുറിവേററ ജനങ്ങളെ ശുശ്രൂഷിക്കുന്നതിൽ സഹായിക്കുക. അതേതൊരു പെൺകുട്ടിക്കും കഴിയും. എന്നാൽ നിൻെറ വിദ്യാഭ്യാസത്തിന്നുവേണ്ടി ഈ രാജ്യം വളരെയധികം ധനം വ്യയംചെയ്തിട്ടുണ്ടെന്നുള്ളതു് നീ ഓർമ്മിക്കണം. നിനക്കു് പല ഭാഷകളും അറിയാം. ഒരു പക്ഷേ, ഇത്രവളരെ ഭാഷകൾ അറിയുന്ന പെൺകുട്ടികൾ വളരെ കുറയും. യുദ്ധമുന്നണിയിൽ പ്രവർത്തിക്കുന്നതിലും വളരെയധികം ഉപകാരപ്രദമായ പല പ്രവൃത്തികളും നിനക്കു ചെയ്യുവാൻ കഴിയും."

അച്ഛൻ തന്നോടാത്മാത്ഥമായി ഉപദേശിക്കുന്നതല്ല ഇതെന്നു് ആ പെൺകുട്ടി മനസ്സിലാക്കി. യഥാത്ഥത്തിൽ, അദ്ദേഹത്തിന്നു് അങ്ങനെ ചിന്തിക്കുവാൻപോലും കഴികയില്ല. അതുകൊണ്ടു് അവൾ സൗമ്യമായിപ്പറഞ്ഞു:—

"അച്ഛാ, സോവിയററുറഷ്യയുടെ കൊട്ടാരക്കാവൽക്കാർപോലും ഇപ്പോൾ ഷെല്ലിന്നും ആർമേഡുടാങ്കുകൾക്കും ഇരയായി ചാമ്പലായിക്കൊണ്ടിരിക്കുകയാണെന്നു

ഞാൻ കേട്ടു. എന്തു നഷ്ടം വന്നാലും ശരി, നമുക്കു് വിജയിക്കണം. പ്രിയപ്പെട്ട വസ്തുക്കളെ എണ്ണിയെണ്ണി സുഖിച്ചിരിക്കുവാനുള്ള സമയമല്ല ഇതു്."

അവൾ അവരൊന്നിച്ചു് പട്ടണംവിട്ടു പോയില്ല. എന്നാൽ അച്ഛൻെറ ആ വാക്കുകൾ അവളെ ചിന്തിപ്പിച്ചു. അവൾക്കു പല ഭാഷകളും അറിയാം, അതു ശരിയാണു്. മുറിവേററ ഭടന്മാരെ പരിചരിക്കുക എന്നതു് ഒരു രാജ്യസേവനമാണെങ്കിലും നാടിന്നു് അതിലുമധികം ഉപകാരപ്രദമായ പല പ്രവൃത്തികളും അവൾക്കു ചെയ്യുവാൻ കഴിയും......ഇങ്ങനെയുള്ള ചിന്തകളാൽ പ്രചോദിതയായി അവൾ കമ്മ്യൂണിസ്ററുപാർട്ടിയുടെ ആ പ്രദേശത്തുള്ള ഡിസ്ട്രിക്ടുകമ്മിററി ആഫീസിലേയ്ക്കു പുറപ്പെട്ടു.

ഏതാനും മണിക്കൂറുകൾക്കുള്ളിൽ പട്ടണമൊഴിഞ്ഞു പോകുവാനുള്ള ബഹളമാണു്. ക്ഷീണിതരും ദുഃഖിതരും ഭയചകിതരുമായ ജനാവലി കടലാസ്സുകളും മററും തീയ്യിട്ടെരിച്ചു ചാമ്പലാക്കിക്കൊണ്ടിരുന്നു; കത്തിയ ചാരം മുറികളിലെങ്ങും പരന്നുകിടന്നിരുന്നു. കാൽച്ചുവട്ടിൽക്കിടന്നു് അവ മർമ്മരശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. തൊഴിലാളിസൈന്യവകുപ്പിലെ ആയുധധാരികളായ സന്നദ്ധഭടന്മാർ അങ്ങുമിങ്ങും പായുന്നുണ്ടു്; ടെലിഫോണുകൾ ഇടവിടാതെ ചിലക്കുന്നുണ്ടു്. അവളെ ശ്രദ്ധിക്കുവാൻ ആർക്കും സമയമുണ്ടായിരുന്നില്ല; നന്നായണിഞ്ഞൊരുങ്ങി വന്നിട്ടുള്ള ആ പെൺകുട്ടിയെക്കുറിച്ചന്വേ

ഷിപ്പാൻ ആരും ആഗ്രഹിച്ചുമില്ല. നാളിതുവരെ, സാധാരണയായി, അവൾ അപരിചിതരുടെ മുമ്പിൽ ഒരു ലജ്ജാശീലയായിരുന്നുവെങ്കിലും, ഇപ്പോളവൾ തൻെറ തനിനിറം പുറത്തുകാണിച്ചു. തൻെറ മാർഗ്ഗത്തിൽ തടസ്ഥമായി നില്ക്കുന്നവരെ കളിയാക്കിയും പരിഹസിച്ചും, ചിലപ്പോൾ ചിലരെ പതുക്കെ തള്ളിമാററിയും അങ്ങനെ അവൾ സ്വയം തിക്കിത്തിരക്കി ഒരു കന്നക്കിന്ന് ഡിസ്ത്രിക്ട്പാർട്ടിക്കമ്മിററി സിക്രട്ടറിയുടെ അടുത്തുചെന്ന് തൻെറ പേർ അദ്ദേഹത്തോടുപറഞ്ഞു. ആ പട്ടണത്തിൽ ആക്കും സുപരിചിതമായ ഒന്നായിരുന്ന ആ പേർ പലഭാഷകളും തനിക്ക് അറിയാമെന്നും അവൾ അദ്ദേഹത്തെ അറിയിച്ചു. പട്ടാളപരമായ എന്തെങ്കിലും ജോലിയിൽ തന്നെ നിർദ്ദേശിച്ചാൽക്കൊള്ളാമെന്ന് അവൾ അദ്ദേഹത്തോടാവശ്യപ്പെട്ടു.

"ഏ! എന്ത്? നിങ്ങൾ പ്രൊഫസ്സർ—ൻെറ മകളാണന്നല്ലേ പറയുന്നത്? എന്തുകൊണ്ട് നിങ്ങൾ ഈ പട്ടണംവിട്ടു പോയില്ല?" ആളൊഴിക്കൽപ്രവത്തനങ്ങളിൽ നിരതനായിരുന്ന സെക്രട്ടറി ഒരുവിധം ആ പ്രവത്തികളിൽനിന്നും തല്ക്കാലം വിരമിച്ചു; അവൾ കൊണ്ടുകൊടുത്ത എഴുത്ത് സൂക്ഷിച്ചു പരിശോധിച്ചുകൊണ്ട് ചോദിച്ചു. പെട്ടെന്നെന്തോ ഓമ്മിച്ചതുപോലെ, കുറച്ചുകഴിഞ്ഞു് അദ്ദേഹം അവളോട് വീണ്ടും ചോദിച്ചു—"നിങ്ങൾക്കു ജമ്മൻഭാഷയറിയാമോ?"

"ഉവ്വ്; എൻെറ സ്വന്തം ഉക്രേനിയൻഭാഷപോലെ എനിക്കതുമറിയാം."

യുവകോമളാംഗിയായ ആ പെൺകിടാവിൻെറ

മെലിഞ്ഞ ശരീരത്തെ സംശയത്തോടെ സിക്രട്ടറി ഒന്നു രണ്ടുതവണ ആപാദചൂഡം വീക്ഷിച്ചു.

"ഞാൻ നിങ്ങൾക്കു തരുവാൻ ഉദ്ദേശിക്കുന്ന ജോലി വളരെ വിഷമമുള്ളതായിക്കണ്ടേയ്ക്കാം, ഞാൻ തുറന്നുപറയട്ടെ, വളരെ വളരെ വിഷമം പിടിച്ചതു്."

"ഞാൻ തയാറാണു്..."

ആ മുറിയിലുണ്ടായിരുന്ന മററുള്ളവരോടെല്ലാം പുറത്തുപോകുവാൻ അദ്ദേഹം പറഞ്ഞു. എന്നിട്ട് പടകളെത്തിലേയ്ക്കുള്ളൊരു ടെലിഫോണിൻെറ 'റസീവർ' മേശപ്പുറത്തെടുത്തുവെച്ച് അദ്ദേഹം ഒരു നമ്പർ വിളിച്ചു.

"ഞാൻ പറയുന്നതു് കേൾക്കാൻ സൌകര്യമുണ്ടോ......ഇതാണു്......ശരി, ഇവിടെ എൻെറ അടുത്തു് ആ ജോലിക്കു പററിയ ഒരാളുണ്ടു്." അദ്ദേഹം ആരോടോ ടെലിഫോണിൽ സംസാരിച്ചു...."ജർമ്മൻഭാഷ അസ്സലായറിയാം; വളരെ പററിയ ആൾ; ഞാൻ ഇവളുടെ അച്ഛനമ്മമാരെ അറിയും; ദേശോത്സവനതല്പരരും വിശ്വസ്തരുമായവർ; ഞാൻ ഇവളെ നേരിട്ടു നിങ്ങളുടെ അടുത്തേയ്ക്കയയ്ക്കാം......ശരി, ഞാനതെല്ലാം ഇവൾക്കു് മുന്നറിവുകൊടുത്തിട്ടുണ്ടു്; ഒന്നുകൂടി പറയുകയും ചെയ്യാം." അദ്ദേഹം റസീവർ മാററിവെച്ചു. അവളുടെ തെളിവുററ കണ്ണുകളിലേയ്ക്കു് അദ്ദേഹം സദയം ഒന്നു സൂക്ഷിച്ചുനോക്കി.

"ഞാൻ നിങ്ങൾക്കു തരുവാൻ പോകുന്ന ജോലിയെക്കുറിച്ചു്, ഒരുപക്ഷേ, അവ്യക്തമായ ഒരു ബോധമെ

ങ്കിലും നിങ്ങൾക്കില്ലായിരിക്കാം. ഓരോ നിമിഷവും നിങ്ങളുടെ ജീവൻ കഴുമരത്തിൻെറ ചുവട്ടിലായിരിക്കും!"

"ദയവായി, എൻെറ വിലയേറിയ സമയം വ്യഥാ പാഴാക്കാതിരിക്കണം. എൻെറ ഉത്തരം ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു." ആ പെൺകുട്ടി പറഞ്ഞു.

ഇങ്ങനെയാണ് വിശ്രുതനായ ആ പ്രൊഫസരുടെ മകൾ ശത്രുക്കൾവന്നു കയറിയിട്ടും തൻെറ സ്വന്തം പട്ടണംവിട്ടു പോകാതെ അവിടെത്തന്നെ താമസിക്കുവാനിടയായതു്.

അവിടെ ഒളിപ്രവൎത്തനങ്ങൾക്കായി നിയുക്തരായിട്ടുള്ളവരിൽ ഒരാൾ മാത്രമല്ല അവൾ, രഹസ്യവും ഏററവും ചുമതലപ്പെട്ടതുമായ എല്ലാത്തരം പ്രവൎത്തനങ്ങളും ചെയ്യുവാൻകൂടി അവൾ അനുവദിക്കപ്പെട്ടിരുന്നു. ജൎമ്മൻകാരുടേയും അവരുടെ പക്ഷത്തിൽച്ചേൎന്ന നാട്ടുകാരായ അഞ്ചാംപത്തികളുടേയും പ്രവൎത്തനങ്ങളെ സൂക്ഷ്മമായി നോക്കി മനസ്സിലാക്കുക, ഇതാണൊരുകൂട്ടരുടെ ചുമതലയെങ്കിൽ, മറെറാരു കൂട്ടരുടെയാകട്ടെ, ശത്രുക്കളുടെ സ്റ്റോറുകളും താവളസ്ഥലങ്ങളും മററും തീവെച്ചു നശിപ്പിക്കുകയും അനധികൃതവാഹനങ്ങളെ തടഞ്ഞുനിൎത്തുകയുമാണ്. അതേസമയം ഫാസിസ്ററുദ്യോഗസ്ഥന്മാരെ വേട്ടയാടുവാനായി മൂന്നാമതൊരു കൂട്ടരുമുണ്ടു്. ഇങ്ങനെ ഒളിപ്രവൎത്തനങ്ങൾ പലതരത്തിലുമായി വിഭജിക്കപ്പെട്ടിരുന്നു. പാശ്ചാത്യസമ്പ്രദായത്തിലുള്ള എല്ലാത്തിനേയും അതിയായ അത്ഭുതത്തോടെ വീക്ഷിക്കുന്നവളും, ആദൎശത്തിന്നുവേണ്ടി തൻെറ സുഖസൗകൎയ്യങ്ങളെ ബലികൊടു

പ്പാൻ തയാറില്ലാത്തവളും ആത്മരക്ഷാൎത്ഥം എല്ലാം ഉപേക്ഷിച്ചു് പൗരസ്ത്യനാട്ടുകളിലേയ്ക്കു് പലായനം ചെയ്യാനാഗ്രഹിക്കാത്തവളുമായ ഒരു മാന്യകുടുംബത്തിലെ സുഖലോലുപയായൊരു യുവതിയായി നടിച്ചു് ജൎമ്മൻകാരുടെയിടയിൽപ്പോയി അവരുടെ രഹസ്യങ്ങൾ മനസ്സിലാക്കി റിപ്പോൎട്ടു ചെയ്യുക—ഇതാണു് ജൎമ്മൻ ഭാഷ നന്നായറിയാവുന്ന 'ബിൎച്ച്ട്രി'ക്കു് ഒളിപ്രവൎത്തകക്കമ്മററി നിൎദ്ദേശിച്ചു ചുമതല ജൎമ്മൻകാർ അവിടമെങ്ങും വന്നുകേറി. ആ പ്രൊഫസറുടെ വീട്ടിലെ ഒഴിഞ്ഞുകിടക്കുന്ന വിശാലമായ മുറികൾ ഒരു ജൎമ്മൻ ഉപസേനാധിപൻ തന്റെ താമസസ്ഥലമായി തിരഞ്ഞെടുത്തു. ആ സൈന്യാധിപൻ ക്ഷണത്തിൽ തന്റെ ആതിഥേയി 'ബിൎച്ച്ട്രി'യിൽ ആകൃഷ്ടനായതുപോലെ കാണപ്പെട്ടു. ഒരുദിവസം സായാഹ്നത്തിൽ അവൾ പിയാനോവിൽ വാംഗർ (Wanger) പാട്ടുകയും ഗഥേ(Gœthe)യുടെ ചില കവിതകൾ വായിക്കുകയും ചെയ്തു. അതു കേട്ടതുമുതൽ ആ ഉപസൈന്യാധിപൻ അവളിൽ വല്ലാതെ ഭ്രമിച്ചുവശായി. തന്റെ കൂട്ടുകാൎക്കെല്ലാം അദ്ദേഹം അവളെ പരിചയപ്പെടുത്തിക്കൊടുത്തു.

ഉക്രേനിയക്കാരിയായ ആ പെൺകുട്ടിയുടെ ആവിധ അഭിനയം ക്ഷണം വിജയകരമാണെന്നു തെളിഞ്ഞു. ആ ഉപസൈന്യാധിപൻ അയാളുടെ കൂട്ടുകാരുടെയെല്ലാം ഒരസൂയാപാത്രമായിത്തീൎന്നു. ഒരു ഉക്രേനിയൻ മാന്യകുടുംബത്തിൽപ്പിറന്നവളും ഒരു പ്രൊഫസറുടെ മകളുമായ (ആ ഉപസൈന്യാധിപൻ അവളെപ്പററി മററുള്ളവരോടു പറഞ്ഞിട്ടുള്ളതങ്ങനെയാണു്) ആ പെൺകുട്ടി ജൎമ്മൻ

കാരുടെ കൂട്ടത്തിലുള്ള തടിച്ചുകൊഴുത്ത മന്ത്രികളും മൂഢകളുമായ നാസി മഹതികളിൽവെച്ച് ഏററവും ശ്രേഷ്ഠയായിരുന്നു. ജർമ്മൻ ഉദ്യോഗസ്ഥന്മാർ അവളുടെ പ്രീതി സമ്പാദിപ്പാൻ ആവുന്നതും പരിശ്രമിച്ചുകൊണ്ടിരുന്നു. അഭിജാതയും സൗന്ദര്യവതിയുമായ ആ പെൺകുട്ടി ഭംഗിയുള്ള തന്റെ ചെറിയ കൈസഞ്ചിയും, ആ ഉപസൈന്യാധിപൻ അയാളുടെ സ്വന്തം കയ്യക്ഷരത്തിൽ പേരെഴുതി അവൾക്കു സമ്മാനിച്ച ഹിററ്ലരുടെ 'മീൻകാംഫ്' (Mien Kamph) എന്ന പുസ്തകത്തിന്റെ ഒരു പ്രതിയുമായി ആഴ്ചയിൽ ഒന്നോരണ്ടോ തവണ പോവുന്നതെങ്ങോട്ടാണെന്ന് ആ ഉദ്യോഗസ്ഥന്മാൎക്ക് ഒരിക്കലും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല; അതിൽ അവൎക്ക് വലിയ ആശ്ചര്യം തോന്നിയിരുന്നുതാനും!

ക്ററച്ചുകലെയുള്ള നദീതീരത്തു സ്ഥിതിചെയ്യുന്ന ആ ചെറുപട്ടണത്തിൽ വൃദ്ധനായ ഒരു ചെരിപ്പുപണിക്കാരൻ പാൎത്തിരുന്നു. ഒരുദിവസം അവൾ അയാളുടെ വീട്ടിൽ പോയി; അതു് വെള്ളതേച്ച ഒരു ചെറുകുടിലായിരുന്നു. അവൾ തന്റെ സഞ്ചിയിൽനിന്നും പഴകിയ രണ്ടു ചെരുപ്പുകൾ പുറത്തേയ്ക്കെടുത്തു. അതു് നന്നാക്കുവാനെന്ന ഭാവത്തിൽ അവൾ ആ വൃദ്ധന്റെ കയ്യിൽ കൊടുത്തു. എന്നിട്ടു് അവൾ തന്നെ വല്ലവരും ശ്രദ്ധിക്കുന്നുണ്ടോ എന്നറിയുവാനായി ചുററുപാടും ഒന്നു കണ്ണോടിച്ചു. ആരും അടുത്തില്ലെന്നു കണ്ടപ്പോൾ അവൾ പതുക്കെ തന്റെ പുതിയ ജീവിതത്തിൽ തനിക്കു നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകളും മററും ആ താടിക്കാരൻ ചെരുപ്പുകുത്തിയെ പറഞ്ഞു മനസ്സിലാക്കി. ജർമ്മൻകാരുടെകൂടെ താമസിക്കുന്ന

തിൽ അവൾക്കതിയായ വെറുപ്പും കോപവും തോന്നിയിരുന്നു. തൻെറ പ്രവൎത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് തയാറാക്കുവാനായിട്ടാണ് അവിടെ വന്നിട്ടുള്ളതെന്നറിഞ്ഞപ്പോൾ ആ വൃദ്ധൻ അവളെ വീട്ടിനുള്ളിലെ ഭക്ഷണമുറിയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. വൃത്തിയുള്ള ഒരു ചെറിയ മുറിയായിരുന്നു അതു്. അവിടെയിരുന്ന് അവൾ തൻെറ അനുഭവങ്ങൾ ആ വൃദ്ധനോടു പറയുവാൻ തുടങ്ങി. പെട്ടെന്നവൾക്ക് തൻെറ മനക്ഷോഭത്തെ നിയന്ത്രിക്കുവാൻ കഴിയാതായി. അതുവരെ പ്രഗത്ഭമതിയും ആഡംബരപ്രിയയും, പകിട്ടുകാരിയും, നീചകൃത്യങ്ങൾ ചെയ്യുന്നതിൽ തല്പരയുമായ ഒരു സുന്ദരയുവതിയായഭിനയിച്ച് ജർമ്മൻ പട്ടാളോദ്യോഗസ്ഥന്മാരെ സുപ്രീതരാക്കിക്കൊണ്ടിരുന്ന അവൾ പെട്ടെന്ന് വീണ്ടുംഒരു യഥാൎത്ഥ സോവിയററു പെൺകുട്ടിയായി മാറി—പിടിക്കപ്പെട്ടുവെങ്കിലും കീഴടക്കപ്പെട്ടുകഴിയാത്ത തൻെറ സ്വദേശമായ ആ പട്ടണത്തിലെ ഒരു പൌരമുഖ്യയായിത്തീൎന്നു അവൾ. നിഷ്കളങ്കമായ അവളുടെ ഹൃദയത്തിൽ നിറഞ്ഞ വെറുപ്പ് ബഹിൎഗ്ഗമിച്ച് അവളുടെ കോമളവദനത്തെ മ്ലാനമാക്കി.

"ഹൗ, ഞാനീ ജീവിതത്തിൽ എങ്ങനെ കഷ്ടപ്പെട്ടുവെന്നോ! അവരുടെ 'പൊങ്ങച്ചം' പറയൽ കേട്ടുകേട്ട് എൻെറ സഹികെട്ടു; ചിലപ്പോൾ എനിക്കവരുടെ കഴുത്തു ഞെരിച്ചുകൊല്ലാൻതന്നെ തോന്നാറുണ്ട്; അത്രമാത്രം ദ്വേഷ്യവും വെറുപ്പും വരും. പക്ഷേ എന്തുചെയ്യാം; എനിക്കതെല്ലാം മറച്ചുവെച്ച് അവരെ നോക്കി മന്ദഹസിക്കേണ്ടിവരും;—എന്തു വിഷമംപിടിച്ച അഭിനയമാണതെന്നോ! വെടിവെച്ച്,—അല്ല, വെടിവെച്ചിട്ടല്ല,

ത്തുക്കിലിട്ടുതന്നെ കൊല്ലേണ്ട അവരുടെ കൈപിടിച്ച് ഒരു ദിവസം എനിക്കെത്ര തവണയാണ് കുലുക്കേണ്ടിവരിക! ഇങ്ങനെ സകല മനോവികാരങ്ങളേയും ഒതുക്കിനിർത്തിക്കൊണ്ട് അവരുടെ ഇടയിലുള്ള എന്റെ ഈ ജീവിതത്തെ ഞാൻ എത്രമാത്രം വെറുക്കുന്നുവെന്ന്, അമ്മാവ, നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ......!"

സിവിൽയുദ്ധകാലത്ത് ഒളിവിൽ പ്രവർത്തിച്ചിരുന്ന ഒരു പഴയ ബോൾഷെവിക്കുകാരനാണ് ആ ചെരുപ്പുകുത്തി. അയാൾ ആ പെൺകുട്ടിയെ സമാധാനിപ്പിക്കുവാൻ കഴിയുന്നതും ശ്രമിച്ചു. ജർമ്മൻകാരേക്കുറിച്ച് അവൾ നേരിട്ടുകണ്ടതും കേട്ടതുമായ സകല വിവരങ്ങളേയും പററി റിപ്പോർട്ടെഴുതുവാനായി വീടിന്റെ പിൻഭാഗത്തുള്ള ഒരു ചെറുമുറിയിലേയ്ക്ക് അയാൾ അവളെയും കൂട്ടിക്കൊണ്ടുപോയി. റിപ്പോർട്ടെഴുതിക്കഴിഞ്ഞതിന്നുശേഷം രണ്ടുപേരുംകൂടി ഭക്ഷണം കഴിച്ചു. കൊഴുക്കനെയുള്ള ഒരു മാംസക്കറി, ഉരുളക്കിഴങ്ങപ്പിലിട്ടതു്, ശക്കരചേർത്ത ചായ—ഇതായിരുന്നു വട്ടങ്ങൾ. ആ ശാന്തമായ ഗൃഹത്തിലെ അല്പസമയത്തെ വിശ്രമം അവളുടെ മാനസികവും ശാരീരികവുമായ ക്ഷീണത്തെ നശിപ്പിച്ചു സമാധാനപൂർവ്വം കുറച്ചു നേരം അവിടെ വിശ്രമിച്ചതിന്ന ശേഷം ആ പെൺകുട്ടി വീണ്ടും പുറപ്പെട്ടു. ഭംഗിയുള്ള ആ ചെറുകൈസഞ്ചി ചുഴററിക്കൊണ്ടും ജർമ്മൻകാക്കേററവും പ്രിയപ്പെട്ട 'ലിലിമാർലിനി' എന്ന ഗാനം മൂളിക്കൊണ്ടും അവൾ പട്ടണത്തിലേയ്ക്കു പോകുംവഴിക്കുള്ള ആ കുന്നു കയറുകയായിരുന്നു. ആ പട്ടണത്തിലെ സാധുക്കളായ പട്ടിണിപ്പാവങ്ങൾ അവളെക്കണ്ടപ്പോൾ വെറുപ്പു നിറഞ്ഞ

ദൃഷ്ടിയോടെ തുറിച്ചു നോക്കി. ഈ വെറുപ്പുകലൻനോട്ടങ്ങൾ; അവമാനത്തെ മൗനപൂർവ്വം—എപ്പോഴും മൗനമായിത്തന്നെ—സഹിക്കേണ്ടിവരിക! താനാരാണെന്നോ, എവിടെ എന്തിനുവേണ്ടി താമസിക്കുന്നുവെന്നോ, താനെന്തിനായി പൊരുതുന്നുവെന്നോ ഉള്ള പരമാൎത്ഥം ഒരു സൂചനകൊണ്ടുപോലും ഇക്കൂട്ടരെ അറിയിക്കുവാൻ ഭയപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതം—ഇതായിരുന്നു അവൾക്കേററവും വിഷമകരമായിരുന്നതു്.

വീണ്ടും മനസ്സിനെ സ്വയം നിയന്ത്രിച്ചുകൊണ്ടു് അവൾ തൻെറ പ്രവൎത്തികൾ നൈപുണ്യത്തോടെ ചെയ്തുപോന്നു. തൻെറ ആ വിധമുള്ള അഭിനയം തൻെറ ലക്ഷ്യപ്രാപ്തിക്കു് വളരെ ഉപകാരപ്രദമാണെന്നു തെളിയിക്കുകയും ചെയ്തു. എന്നാൽ ദിവസംചെല്ലുന്തോറും അവൾക്കു് തൻെറ വികാരങ്ങളെ അടക്കിനിൎത്തുവാൻ കൂടുതൽ കൂടുതൽ വിഷമം തോന്നിത്തുടങ്ങി. ഒടുവിൽ, തൻെറ ഭാഗം ശരിയായി അഭിനയിക്കുകയും, എന്നാൽ അതേസമയംതന്നെ തൻെറ വികാരങ്ങൾ മുഴുവനും പുറത്തു കാണിക്കാതെ ഒതുക്കിനിൎത്തുകയും ചെയ്യുവാൻ തീരെ അസാദ്ധ്യമായിക്കണ്ടപ്പോൾ, ഒരുദിവസം ചെരുപ്പുകുത്തിയുടെ വീട്ടിൽ റിപ്പോർട്ടുചെയ്യുവാൻ ചെന്ന സന്ദൎഭത്തിൽ അയാളോടു് അവൾ ആവലാതി പറഞ്ഞു. തന്നെ ഈ പ്രവൃത്തിയിൽ നിന്നൊഴിവാക്കണമെന്നും മറെറാരുജോലി, അതെന്തായാലും വിരോധമില്ല, തനിക്കു തരണമെന്നും അവൾ ആവശ്യപ്പെട്ടു. ഇതിൽനിന്നൊഴിവാക്കണമെന്നു പറയുന്നതു് അവൾക്കു വിശ്രമിക്കുവാൻവേണ്ടിയല്ല, അതവൾക്കാവശ്യമില്ല; പ്രത്യുത, പ്രവൃത്തിതന്നെ

യാണവൾക്കാവശ്യം. ഇപ്പോഴവൾക്ക ശാരീരികമായി യാതൊരദ്ധ്വാനവുമില്ല. എന്നാൽ മാനസികമായിട്ടാകട്ടെ, അത്യദ്ധ്വാനവും! ശത്രുവാഹനങ്ങളെ ബോംബെറിഞ്ഞു നശിപ്പിക്കുക, സ്റ്റോറുകൾ തീവെയ്ക്കുക, തീവണ്ടികളും മററും മറിച്ചിടുക, ഒളിവിൽ പ്രവത്തിക്കുന്ന മററു പലരേയുംപോലെ യുദ്ധം ചെയ്യുക;—ഇങ്ങനെ അവിശ്രമം പ്രവത്തിച്ചുകൊണ്ടിരിക്കുവാനാണ് അവൾ ആഗ്രഹിച്ചിരുന്നതു്. എന്നാൽ ശത്രുസൈന്യത്തിൻെറ ഒരു ശാഖ ആ പട്ടണത്തിൽ താവളമടിച്ചിരിക്കുന്ന സമയമായിരുന്നു അതു്; അവൾ ശേഖരിക്കുന്ന രഹസ്യവാത്തകൾ സാധാരണ കാലങ്ങളിലേതിലും വളരെയധികം രാജ്യത്തിനാത്യാവശ്യവുമായിരുന്നു; അതുകൊണ്ടു് അവളുടെ അപേക്ഷ ആ വൃദ്ധന്ന് സ്വീകരിപ്പാൻ കഴിഞ്ഞില്ല; നിർബ്ബന്ധപൂർവ്വം അവളെ ആ പഴയ ജോലിക്കുതന്നെ മടക്കി അയയ്ക്കാതിരിപ്പാൻ അയാൾക്കു നിവൃത്തിയില്ലായിരുന്നു.

ഒടുവിൽ ശത്രുസൈന്യതാവളം അവിടെ നിന്നും മറെറാരു സ്ഥലത്തേയ്ക്കു മാററപ്പെട്ടു. ഒന്നോരണ്ടോ ദിവസത്തിനുള്ളിൽ അവളെ ആ ജോലിയിൽനിന്നു മാററി മറെറാരു ദിക്കിലേയ്ക്കു പറഞ്ഞയയ്ക്കാമെന്ന് ആ ചെറുപ്പക്കാരി അവൾക്കുറപ്പുകൊടുത്തു. പക്ഷെ അപ്പോഴേയ്ക്കും അവൾക്കൊരാപത്തു പിണഞ്ഞു: അവളുടെ വീട്ടിൽ താമസിച്ചിരുന്ന ഉപസൈന്യാധിപൻ ജനറലായി ഉയത്തപ്പെട്ടു. അയാൾ അന്നു് ആ സന്തോഷാവസരം ആഘോഷിക്കുകയായിരുന്നു. കുടിച്ചുകുടിച്ചു് അയാൾക്കന്നു് യാതൊരു വെളിവുമില്ലായിരുന്നു. രാത്രി ഒരു കുപ്പി വീ

ത്തും കൈയ്യിൽപ്പിടിച്ചുകൊണ്ടു് മദോന്മത്തനായി അയാൾ അവളുടെ മുറിയിൽ കടന്നുചെന്നു. ലക്കില്ലാതെ തന്നെ സമീപിച്ച ആ നാസി ഉദ്യോഗസ്ഥൻെറ ചെകിട്ടത്തു് കോപാന്ധയായ അവൾ തൻെറ സവ്വശക്തിയുമെടുത്തു് ഊക്കോടെ ഒരടി കൊടുത്തു. എന്നാൽ അയാൾ അപ്പോൾ കോപിക്കുകയല്ല; പ്രത്യുത, ഉച്ചത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് അവളുടെ കൈപിടിച്ചു ചുംബിക്കുക മാത്രമാണു് ചെയ്തതു്! എന്നിട്ടയാൾ മറേറ ചെകിട്ടും കാണിച്ചുകൊടുത്തു. അത്ഭുതകരമായ അത്തരം തളിർപാണികൾക്കു് ഒരു ജമ്മൻ ജനറലിനെ അവമാനിപ്പാൻ സാദ്ധ്യമല്ല! ഉവ്വ്, അയാൾ ആറു രാജ്യങ്ങൾ കീഴടക്കിയിട്ടുണ്ടു്; ഇപ്പോഴിതാ, ഏഴാമത്തെ രാജ്യത്തിൽ പൊരുതുകയാണു്. അയാളുടെ ആ നീണ്ട ധീരസമരജീവിതത്തിന്നു് ഏററവും അഹ്മായ ഒരു സമ്മാനംതന്നെയാണവൾ. അയാൾ തൻെറ കൈകളും ഹൃദയവും അവൾക്കു് സമർപ്പിച്ചു.

ഭയചകിതയായ ആ പെൺകുട്ടി സഹിക്കവയ്യാത്ത കോപവും വെറുപ്പും നിമിത്തം അടിമുതൽ മുടിവരെ വിറച്ചുകൊണ്ടിരുന്നു. ആ പുതിയ ജനറൽ അവളുടെ ഉടുവസ്ത്രത്തിൽ പിടികൂടി; അയാളെ തട്ടിമാററി അവൾ മറെറാരു ഭാഗത്തേയ്ക്കു മാറി; അയാൾ മുട്ടുകുത്തിക്കൊണ്ടു് അവളുടെ പിന്നാലേയും. അയാളിൽനിന്നും രക്ഷപ്പെടുവാനായി അവൾ മറെറാരു മുറിയിലേയ്ക്കു പോയി; അയാളും വിട്ടില്ല, ഉടനെ അവിടേയും കടന്നെത്തി. പരുപരുത്ത ശബ്ദത്തിൽ അയാൾ ഇങ്ങനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു; റഷ്യക്കാർ അവരുടെ മരണ

വെപ്രാളം കൂട്ടുകയാണ്. യുദ്ധം മോസ്കോവിലെ തെരുവിലും അനുസ്യൂതം മുന്നോട്ടാഞ്ഞു കയറുകയാണ്. ഇവിടെ, ഈ ഉക്രേനിയയിലെ ഫലസമൃദ്ധമായ തോട്ടങ്ങൾ എല്ലാ ജർമ്മൻകാക്കും നൽകപ്പെടും. അവൾ അവൻെറ ഭാര്യയായിരിക്കുകയും ചെയ്യും! ഹ ഹ! ജർമ്മൻകാരനായ ഒരു ജന്മിയുടെ പത്നിയായിരിക്കുക! പ്രഭുപദവിയിൽ ജീവിക്കുന്നവരും സോഷ്യലിസത്തെപ്പററി പുലമ്പുന്നവരുമായ സകല കൃഷിക്കാരും ആ ജർമ്മൻകാരുടെ കൃഷിപ്പണിക്കാരായ അടിമകളായിത്തീരും; ജർമ്മൻകാരുടെ ഭൂമികളിൽ പണിയുന്ന വെറും നാല്ക്കാലിമൃഗങ്ങൾ......! കുടിച്ചു മതിമറന്ന ആ ഫാസിസ്ററുപട്ടാളക്കാരൻ തൻെറ നാട്ടുകാരായ പൗരന്മാരെ അവമാനിക്കുന്നതു് കേട്ടു സഹിപ്പാൻ ആ പെൺകുട്ടിക്കു കഴിഞ്ഞില്ല. തൻെറ മനോവികാരങ്ങളെ ഇനിയും അടക്കി നിയന്ത്രിക്കുവാൻ അവൾക്കു കഴിയാതായി. പറക്കുന്ന ഒരു കഴുകൻെറ മുദ്രകുത്തിയ ഒരു വെള്ളിപ്പിടിവാൾ ആ നാസിപ്പട്ടാളക്കാരൻെറ അരയിൽ തൂങ്ങിക്കിടന്നിരുന്നു. അവൾ അതൊരൊററ വലിക്കു വലിച്ചെടുത്തു് അതിൻെറ പിടിവരെ ആഴത്തിൽ ആ ജനറലിൻെറ കണ്ഠത്തിൽ ആഞ്ഞു തറയ്ക്കുകയും ചെയ്തു!

അവിടെയുള്ള എല്ലാ പട്ടാളക്കാരും, പോലീസ്സുകാരും, അവിടെ എത്തിച്ചേൎന്നിട്ടുള്ള പ്രത്യേക എസ്സ്. എസ്സ്. സൈന്യങ്ങളും—എല്ലാംകൂടി ഒരുമാസത്തോളം അവളെ അന്വേഷിച്ചു നടന്നു; കണക്കില്ലാത്തവിധം കൊള്ളകളും ആക്രമണങ്ങളും നടത്തിക്കൊണ്ടു് അവർ തെരുവുകൾതോറും വീടുകൾതോറും തിരഞ്ഞു. എന്നാൽ ആ

പെൺകുട്ടിയെ അവക്കൊരിടത്തും കണ്ടെത്തുവാൻ കഴിഞ്ഞില്ല. യാതൊരപകടവും കൂടാതെ അവരം ശത്രുനിര ഭേദിച്ച് സ്വന്തം അതിനികളിലെത്തിച്ചേന്നിരുന്നു.

അങ്ങനെ സ്വന്തം ജനങ്ങളുടെയിടയിൽ തിരിച്ചെത്തിയ അവരം, തൻെറ രാജ്യത്തിന്നുവേണ്ടിയുള്ള സമരത്തിൻെറ ഏററവും അപകടകരവും വിഷമംപിടിച്ചതുമായ പരിതഃസ്ഥിതികളെ നേരിടുവാൻ വേണ്ട മനക്കരുത്തും പ്രാപ്തിയും സ്വയം നേടുവാൻ അശ്രാന്തം പരിശ്രമിച്ചു.

പുതുതായി ഉദ്യോഗക്കയററം കിട്ടിയ ഒരു ജമ്മൻ ജനറലിനെ വധിച്ച കുററത്തിന്ന് ആ സുപ്രസിദ്ധ പ്രഫസറുടെ മകളുടെ പേരിൽ ചാർജ്ജുചെയ്തിരുന്ന ആ കേസ് ആ വലിയ ഉഃക്രനിയൻ പട്ടണത്തിൽ കുറച്ചുകാലം നിലവിലുണ്ടായിരുന്നുവെങ്കിലും, ഒടുവിൽ തെളിവില്ലാതെ അത് തള്ളപ്പെടുകയാണുണ്ടായത്. ആ വധത്തെക്കുറിച്ചുള്ള സംസാരം അങ്ങനെ നിലച്ചു. അങ്ങനെയിരിക്കെ കാക്കോവിലുള്ള ജമ്മൻപട്ടാള കമാൻഡറുടെ കീഴിൽ സമർത്ഥയായ ഒരു ദ്വിഭാഷിണി നിയമിതയായി;— 'എണ്ണാവീനർ' എന്നു പേരായ ഒരു ചെറുപ്പക്കാരി പെൺകുട്ടി. അവളുടെ അച്ഛൻ 'ഫ്രോളിൻവീന'റുടെ ദ്വിധി ആ കമാൻഡറുടെ അനുകമ്പയെ തട്ടിയുണത്തി. ബാൾട്ടിക് പ്രഭുക്കന്മാരിൽ നശിക്കാൻ പോകുന്ന ഒരു വംശത്തിലെ അവസാനത്തെ ഒരംഗമായിരുന്നു അദ്ദേഹം. ഒരു നാസിയെന്ന നിലയ്ക്കു് സാധാരണയുണ്ടാകുന്നതിന്നും പുറമെ, സോവിയററുജനങ്ങളോട് വ്യക്തിപരമായ ഒരു

83755
4941
DISTRIBUTING LIBRARY
KOTTAYAM

ദീർഘകാല വൈരംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു ഒഡീസ്സാ പ്രദേശത്തു് കുടിയേറിപ്പാർക്കുന്ന ഒരു പ്രഷ്യൻ ജർമ്മൻ പൌരന്റെ മകളാണു് താനെന്നു് എണ്ണാവീനർ കമാൻഡറെ അറിയിച്ചു. ഒരുകാലത്തു് അവളുടെ അച്ഛനുണ്ടായിരുന്ന കായ്കനിത്തോട്ടങ്ങൾക്കും, മുന്തിരിത്തോട്ടങ്ങൾക്കും, മധുരക്കിഴങ്ങുതോട്ടങ്ങൾക്കും കണക്കില്ല. അദ്ദേഹത്തിന്നു് അടിയാന്മാരും കുടിയാന്മാരുമായി നൂറുകണക്കിൽ ആശ്രിതന്മാരുണ്ടായിരുന്നു. വേനൽക്കാലങ്ങളിൽ അവർ അളവററ ധാന്യങ്ങളും കായ്കറിസ്സാമാനങ്ങളും അദ്ദേഹത്തിനു പാട്ടമായും കാഴ്ചയായും കൊടുത്തുകൊണ്ടിരുന്നു. ഇതിനെല്ലാം പുറമെ, ധാന്യങ്ങളും മററും പൊടിക്കുന്ന ഒരു കമ്പനിയും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആ സ്വത്തുക്കളെല്ലാം ബോൾഷെവിക്കുകാരാൽ നിർദ്ദയം അപഹരിക്കപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം വളരെ ദയനീയമായിരുന്നു. തന്റെ മുൻപദവിയെല്ലാം പോയി വളരെ മോശമായ നിലയിൽ അദ്ദേഹത്തിന്നു ജീവിക്കേണ്ടിവന്നു. എന്നാൽ ബോൾഷെവിക്കുകാരുടെ ദൃഷ്ടിയിൽപ്പെടാത്തൊരിടത്തു് കുറച്ചു പണം അദ്ദേഹം ഗൂഢമായി നിക്ഷേപിച്ചുവെച്ചിരുന്നു. അതിൽനിന്നുള്ള നിസ്സാര ആദായംകൊണ്ടു് അദ്ദേഹം തന്റെ കുട്ടികളെ പഠിപ്പിച്ചു. ഒടുവിൽ പുതിയ ജർമ്മനിയുടെ പേരിൽ—ബഹുമാന്യനും നിഷ്കളങ്കഹൃദയനുമായതുകൊണ്ടു മാത്രം—അനുകമ്പ പ്രദർശിപ്പിച്ചു എന്ന കുററത്തിന്നു് അദ്ദേഹം അറസ്ററുചെയ്യപ്പെട്ടു! അദ്ദേഹത്തിന്നൊളിക്കുവാൻ കഴിവുണ്ടായിരുന്നില്ല; അതിനദ്ദേഹം ശ്രമിച്ചുമില്ല.

ബോൾഷെവിക്കുകാരിൽനിന്നും ഇത്രമാത്രം കഷ്ടപ്പാടുകളനുഭവിച്ച ഫ്രാളിൻവീനറുടെ മകൾ എണ്ണാവീ

നർ ക്ഷണത്തിൽ ആ പട്ടാളതലസ്ഥാനത്തെ പ്രധാന ദ്വിഭാഷിണിയായിത്തീന്നു. അനന്തരം രക്ഷാസൈനിക കമാൻഡറുടെ ആപ്പീസിലേയ്ക്കു് അവൾ മാററപ്പെട്ടുകയും ചെയ്തു.

ഒരു എസ്സ്. എസ്സ്. സൈന്യശാഖയുടെ അധിപനായിരുന്നു അവളുടെ പുതിയ യജമാനൻ. അദ്ദേഹവും നിർഭാഗ്യവാനായ ആ ഫ്രോളിൻവീനരുടെ പേരിൽ അനുകമ്പ പ്രദർശിപ്പിച്ചു. അവളുടെ കറയററ ജമ്മൻ ഭാഷ, വികാരോഷ്മളന്മാരായ നാസിമുഷ്ക്കരന്മാർ ഏററവുമധികം ഇഷ്ടപ്പെട്ടുന്ന ബവേറിയൻ പാട്ടുകൾ പാടുവാനുള്ള അവളുടെ കഴിവു്, അവളുടെ പിയാനോ വായിക്കുന്ന സമ്പ്രദായം—അവൾക്കു വളരെ ആരാധകന്മാരുണ്ടാകാൻ കാരണമായി. “അതെ, വൃദ്ധനായ ജോഹൻവീനർക്കു് ഈ നശിച്ച രാജ്യത്തും തൻെറ കുട്ടികൾക്കു് നല്ലൊരു വിദ്യാഭ്യാസം കൊടുക്കാൻ കഴിഞ്ഞതല്ലോ!” അവർ ആശ്ചര്യപ്പെട്ടുകയാണു്. ജമ്മൻകാരുടെ ചില പ്രധാനപ്പെട്ട രേഖകൾ പലപ്പോഴും കാണാതാകാറുണ്ടു്; അവരുടെ രഹസ്യ പരിപാടികളെക്കുറിച്ചു് സോവിയററുപട്ടാള കേന്ദ്രത്തിന്നു് അറിവുകിട്ടിയിട്ടുണ്ടെന്നു് ജമ്മൻ ഉദ്യോഗസ്ഥന്മാൎക്കു് വ്യക്തമാകാറുണ്ടു്. എന്നാൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽപ്പോലും അവർ എണ്ണാവീനരെ അശേഷം സംശയിക്കാറില്ല.

എന്നാൽ തൻെറ രാജ്യത്തിന്നുവേണ്ടി അവൾ ശേഖരിച്ച ആ ഫാസിസ്ററുരഹസ്യവാൎത്തകൾക്കു് ആ പെൺകിടാവു് എന്തുമാത്രം പ്രതിഫലം കൊടുക്കേണ്ടി

വന്നുവെന്നോ! ഇപ്പോൾ അവൾക്കു വലിയവലിയ കേസു വിസ്താരവേളകളിൽ ഹാജരാകേണ്ടതുണ്ട്; ജമ്മൻകൊലയാളികൾ സോവിയററുജനങ്ങളെ ചാകുന്നതുവരെ നിർദ്ദയം ദേഹപീഡനമേല്പിക്കുന്നത് അവൾക്കു കാണേണ്ടതുണ്ട്; റഷ്യക്കാരുടെ അവസാന മരണമൊഴികൾക്കൂടി പരിഭാഷപ്പെടുത്തികൊടുക്കണം; അവരുടെ ശാപങ്ങളും അവർ തനിക്കവമാനകരമാംവിധം പറയുന്ന വാക്കുകളും എല്ലാം കേൾക്കണം. തൻെറ രാജ്യത്തോടുള്ള സ്നേഹം- നിസ്സീമവും ആത്മാൎത്ഥവുമായ സ്വദേശസ്നേഹം-അതുമാത്രമാണു് അവൾക്കതിനെല്ലാം കരുത്തുണ്ടാക്കികൊടുക്കുന്നതു്. അവളുടെ ഒരു ബന്ധത്തിൽപ്പെട്ടവനും വാതരോഗത്താൽ അത്യന്തം പീഡിതനായി ഭയങ്കമാംവണ്ണം വിരൂപനായിത്തീൎന്നവനും ആയ ഒരു പടയാളിയല്ലാതെ മററാരും അവളുടെ ആവലാതി ഒരിക്കലും കേട്ടിട്ടില്ല. ഒരു ജീൎണ്ണിച്ച വീടിനുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും ഒരിക്കലും ഇളകാൻപോലും കഴിയാതെ അയാൾ എപ്പോഴും തൻെറ റേഡിയോവിൻെറ മുമ്പിൽതന്നെയിരുന്നിരുന്നു. സൂൎയ്യരശ്മിയും ശുദ്ധവായുവുമേല്ക്കാതെ ഒരുകൊല്ലത്തിലധികമായി അയാൾ വീട്ടിനുള്ളിൽത്തന്നെ കഴിച്ചുകൂട്ടുകയാണു്; ഹേമന്തകാലത്തെ തണുപ്പുള്ള രാത്രിയിലെ ചന്ദ്രബിംബംപോലെ വിളത്തിരിക്കുന്ന അയാളുടെ മുഖം. ഒരു പട്ടാളക്കാരൻെറ അസുഖകരമായ പരുപരുക്കൻ സ്വരത്തിൽ അയാൾ കഴിയുംവിധം അവളെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു. അവൾ ഏൎപ്പെട്ടിരിക്കുന്ന പ്രവൃത്തി ഒരു മഹത്തായ ലക്ഷ്യത്തിന്നുവേണ്ടിയുള്ള ധാൎമ്മിക സേവനമാണെന്നു് അയാൾ അവളെ കൂടക്കൂടെ ഓൎമ്മപ്പെ

ടുത്തിക്കൊണ്ടിരുന്നു; അവരെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. അവർക്കു് വിഷമകരമായ ആ പ്രവൃത്തികൾ നിർവ്വിഘ്നം നടത്തുവാൻ പ്രചോദനം നൽകിയിരുന്നതു് പ്രധാനമായും അയാളുടെ ആ പതറാത്ത ധൈര്യം മാത്രമായിരുന്നു.

കാക്കോ പിടിക്കുന്നതിൻെറ ഒരാഴ്ചമുമ്പു് 'ബിർച്ച്ട്രീ'ക്കു് ഒരു കേസുവിസ്താരത്തിൽ ഹാജരാകേണ്ടിവന്നു. അവർക്കു സാക്ഷിനില്ക്കേണ്ടിവന്നിട്ടുള്ളവയിൽ ഏററവും ഒടുവിലത്തേതാണതു്; അതിനേക്കാൾ ദാരുണവും ബീഭത്സവുമായ ഒരു രംഗം അവർ കണ്ടിട്ടുമില്ല. ആഗസ്ററുമാസത്തിലെ പ്രശാന്തസുന്ദരമായ ഒരു സായംവേളയിൽ ഞങ്ങൾ ആ വെള്ളയടിച്ച കുടിലിൻെറ മുൻഭാഗത്തിരിക്കുകയായിരുന്നു. അപ്പോൾ അവർ സ്വയം ആ ദാരുണസംഭവത്തെക്കുറിച്ചെന്നോടു പറഞ്ഞു:—

"കൊന്നീവു് പട്ടാളം കിഴക്കുനിന്നും വന്നു് ബെൽഗോറോഡു മുറിച്ചു് കാക്കോവിൽകൂടി മാർച്ചുചെയ്തുകൊണ്ടിരുന്നപ്പോൾ ജർമ്മൻകാർ എത്രമാത്രം വികാരവിക്ഷുബ്ധരായിരുന്നുവെന്നു് നിങ്ങൾക്കു തീർച്ചയായും അറിയാമല്ലോ. ദൈവമേ, അവിടെ എന്തൊരു വെപ്രാളമായിരുന്നുവെന്നോ! കത്തുന്ന തീക്കൊള്ളി ചിതൽപ്പുററിലെറിഞ്ഞാലുള്ള ഒരു പ്രതീതിയാണു് അതു നിങ്ങളിൽ ഉളവാക്കുക. പട്ടാളക്കാർ അതിനെ അത്ര സാരമായി ഗണിച്ചിരുന്നില്ല—അവർ കേവലം യന്ത്രങ്ങൾമാത്രമായിരുന്നു. എന്നാൽ അവരുടെ യജമാനന്മാരെ നിങ്ങൾക്കു് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! മാന്യതയുടെ കേവലമര്യാദ

പോലും വിസ്മരിച്ച്, ചിത്രങ്ങൾ, കാഴ്ചബംഗ്ലാവുകളിലെ നിക്ഷേപങ്ങൾ, മററപൂർവ്വവസ്തുക്കൾ, മരസ്സാമാനങ്ങൾ- എന്നുവേണ്ട, എല്ലാം അവർ ബദ്ധപ്പെട്ടു കെട്ടുകെട്ടി തങ്ങളുടെ സ്വന്തം തലസ്ഥാനത്തേയ്ക്കു കടത്തിക്കൊണ്ടിരുന്നു. ഈ കവർച്ചവസ്തുക്കളെല്ലാം പട്ടാളക്കാർ കാൺകെത്തന്നെ കപ്പൽ കയററി അയയ്ക്കപ്പെട്ടു. അന്നവിടെ എന്തെല്ലാം കിംവദന്തികളായിരുന്നുവെന്നോ പ്രചരിച്ചിരുന്നിരുന്നതു്! അതൊരു തലസ്ഥാനമെന്നു പറഞ്ഞുകൂടാ. കിംവദന്തികൾ അടിക്കടി വലുതായി വലുതായി അലയടിച്ചുകൊണ്ടിരിക്കുന്ന വെറുമൊരു സാധാരണ ചന്തസ്ഥലം; പ്രത്യേകിച്ചും, സോവിയററു വിമാനസേനയെക്കുറിച്ചുള്ള പല ഊഹാപോഹങ്ങളും ആ പ്രദേശത്തു് പ്രചരിച്ചുകൊണ്ടിരുന്നു. പുതുതായി ഒരു വലിയ കൂട്ടം വിമാനസൈന്യം ദൂരെ പൌരസ്ത്യദേശത്തുനിന്നും അവിടെ എത്തിയിട്ടുണ്ടെന്നു പറയപ്പെട്ടിരുന്നു. യുദ്ധോപകരണങ്ങളോടുകൂടി ആയിരക്കണക്കിൽ വന്നിറങ്ങിയിട്ടുള്ള ആ വിമാനങ്ങൾ മുമ്പെങ്ങും കാണപ്പെടാത്തവയായിരുന്നുവത്രെ. എല്ലാ ഉദ്യോഗസ്ഥന്മാരും രാത്രി ഉറങ്ങുവാൻ താഴത്തെ നിലയിലേക്കു വരിക പതിവാണു്. നാട്ടിൽ പരന്നിരുന്ന ഇത്തരം സംസാരങ്ങൾ അവരെ എത്രമാത്രം ഭയചകിതരാക്കിയിരുന്നുവെന്നോ! ഏററവും സുരക്ഷിതമായ ആ പ്രദേശത്തു താമസിക്കുമ്പോൾ പോലും വിഡ്ഢികളും അല്പജ്ഞന്മാരുമായ അവർ വല്ലാതെ പേടിച്ചുവിളത്തുപോയിരുന്നു. അതുകണ്ടു് ഞാൻപോലും ആദ്യമൊന്നു് ആശ്ചര്യപ്പെട്ടുപോയി; എങ്കിലും അവരുടെ ബേജാറുകണ്ടു് ഞാൻ സന്തോഷിച്ചു. രാവിലെ ജോലി

ക്ക് ആപ്പീസിൽച്ചെന്നപ്പോൾ എന്റെ യജമാനനോട്ട് ഞാൻ ദയനീയസ്വരത്തിൽ ആവലാതിപ്പെട്ടു:–"ഹർ ബ്രിഗെഡൻ ഫ്യൂഹറർ,നമ്മുടെ കഥയെല്ലാം അവസാനിച്ചുവെന്നുണ്ടോ? അവർ ഇവിടെ പ്രവേശിച്ചുവെങ്കിൽ എന്നെ അവർ കൊന്നുകളയുമെന്നറിയാമല്ലോ......" അയാൾ ആകെ ഒന്നു വിളറിപ്പോയതു് ഞാൻ സൂക്ഷിച്ചു മനസ്സിലാക്കി. എന്നാൽ അയാൾ മുഖത്തു് പിന്നേയും ധീരത പ്രദർശിപ്പിക്കുവാൻ ശ്രമിച്ചു:- "ഓ, ഫ്രോളിൻ! ജർമ്മനി ഇപ്പോഴും വളരെ പ്രബലമാണു്! ഒരുപക്ഷേ, മുമ്പിലുള്ളതിലും വളരെയധികം ശക്തിയുണ്ട് നമുക്കിപ്പോൾ. ചോരത്തിളപ്പുകൊണ്ടു വിഷമിക്കുകയാണു്!" എന്തുവന്നാലും എനിക്കു ഭയപ്പെടേണ്ടതില്ലെന്നും, എപ്പോഴായാലും, അപകടമെന്നു കണ്ടാൽ, അദ്ദേഹത്തിന്റെ കാറിൽ കയറി രക്ഷപ്പെടാമെന്നും എനിക്കദ്ദേഹം ഉറപ്പുതന്നു.

"അവസാനം, ഒരു ദിവസം രാത്രി കിടന്നുറങ്ങുമ്പോൾ എന്നെ വിളിച്ചുണർത്തി അദ്ദേഹത്തിന്റെ മുറിയിലേക്കു വരുവാൻ പറഞ്ഞു. ഞാൻ അവിടെ ചെന്നപ്പോൾ അദ്ദേഹം ഏററവും ഉത്സാഹഭരിതനായിരിക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. അവിടെ അതിപ്രധാനമായ ഒരു കേസ്സുവിസ്തരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞു—അദ്ദേഹത്തിന്റെ ഭാവി മുഴുവനും അതിനെ ആശ്രയിച്ചാണുപോലും സ്ഥിതിചെയ്യുന്നതു്! ഓ, അവർ തങ്ങളുടെ ഭാവിജീവിതത്തെക്കുറിച്ചു് എത്ര കാര്യമായിട്ടാണു് വിചാരിക്കുന്നതെന്ന് നിങ്ങൾ അറി

ഞ്ഞിരുന്നുവെങ്കിൽ!......അതേ, അതു കേട്ടപ്പോൾ എ ന്റെ ദേഹമാകെ തണുത്തു മരവിച്ചുപോയി: ആരെയാ യിരിക്കും അവർ പിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടായിരിക്കു ക; ജമ്മൻകാക്ക് അടിക്കടി ഏററവും ഭയമുളവാക്കിക്കൊ ണ്ടിരുന്ന കാർക്കോവിലെ ഒളിപ്രവത്തകന്മാർ അപ്പോൾ പ്രത്യേകിച്ചും സജീവമായി പ്രവത്തിച്ചുകൊണ്ടിരുന്നു വെന്ന് എനിക്കറിയാം; അവരിലാരെങ്കിലും പിടിക്ക പ്പെട്ടേയ്ക്കുമോ എന്ന് ഞാൻ സദാ ഭയപ്പെടാറുണ്ട്...... യജമാനൻ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. കേസ്സുവിസ്താരത്തിന്നുള്ള പ്രത്യേക സജ്ജീകരണങ്ങളോ രോന്ന് അവിടെ തിരുതകൃതിയിൽ നടക്കുകയാണ്; മേശ കൾ നിരത്തിയിട്ട്, വീഞ്ഞ്, പഴങ്ങൾ, മധുരപലഹാര ങ്ങൾ തുടങ്ങിയ പദാത്ഥങ്ങളാൽ മേശകൾ നിറഞ്ഞുക ഴിഞ്ഞു. ഈ പ്രത്യേക ഏപ്പാടുകൾ എന്നെ കൂടുതൽ പരിഭ്രാന്തയാക്കി. ഇതൊക്കെ ആക്കുവേണ്ടിയായിരി ക്കും? ആക്ക്? പതിവില്ലാത്തവിധം ഈ പ്രത്യേക ഏ പ്പാടുകളെല്ലാംചെയ്യുന്നതിന്റെ ഉദ്ദേശമെന്തായിരിക്കും? അവരെല്ലാം ഇതിൽ ഇത്രമാത്രം സന്തോഷിക്കുവാൻ കാ രണമെന്ത്?

"പട്ടാളത്തിലെ ഉയന്ന വൃത്തങ്ങളിലുള്ള വല്ല ഉ ദ്യോഗസ്ഥന്മാരെയും ഉദ്ദേശിച്ചായിരിക്കാം?" കേസ്സുവി സ്താര സമയങ്ങളിൽ സാധാരണ ഇരിക്കാറുള്ള മൂലയിൽ ഇരുന്നുകൊണ്ട്, കഴിയുന്നതും വികാരങ്ങളെ അടക്കിക്കൊ ണ്ട് ഞാൻ ചോദിച്ചു.

"ഛെ, വിഡ്ഢിത്തം! നിസ്സാരനായ ഒരു പട്ടാളക്കാ രനുവേണ്ടി ഞാൻ ഇത്രയൊക്കെ പണം ചെലവുചെയ്യുക

യോ?" യജമാനൻ ഉത്തരം പറഞ്ഞു. "ഇതു് അതിലും വളരെയധികം പ്രധാനപ്പെട്ട ഒരാൾക്കുവേണ്ടിയാണു്; വളരെയധികം രസകരമായ ഒരു കേസ്സുവിസ്താരത്തിനു വേണ്ടിയും നമുക്കു് ഇനിവിടെ വളരെ പ്രധാനമായ ഒരു കൂടിക്കാഴ്ചയാണു് നടത്തുവാനുള്ളതു്. വെറുക്കപ്പെട്ട ഈ അനിശ്ചിതാവസ്ഥയുടെ അവസാനത്തെയാണിതുകുറി ക്കുന്നതു്. അവർ നമ്മെ ചതിക്കുവാൻ ആശ്ചര്യകരമാം വിധം എന്തെല്ലാമാണു് ചെയ്തുകൊണ്ടിരിക്കുന്നതെന്നു് നാം കണ്ടുപിടിക്കും. അവരുടെ പരിപാടികൾ മുഴുവനും നാം തകർക്കും. ഹും!"

"അവർ പിടികിട്ടിയിട്ടുള്ള ഏതോ പ്രധാനപ്പെട്ട സോവിയററുദ്യോഗസ്ഥനായിരിക്കണം അതെന്നു ഞാൻ തീരുമാനിച്ചു. എന്നാൽ എന്റെ യജമാനനല്ല, അദ്ദേഹത്തിന്റെ അസിസ്റ്റൻറായ മേജറാണു് മേശയ്ക്കടുത്തിരുന്നിരുന്നതു്. അതു കണ്ടപ്പോൾ ഞാൻ വളരെ അതിശയിച്ചുപോയി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ പട്ടാള അകമ്പടിയോടുകൂടി ഒരു മഞ്ചൽ ആ മുറിയിലേയ്ക്കാനയിക്കപ്പെട്ടു. ചുമട്ടുകാർ അതു് മേജറിന്റെ മുമ്പിലായി നിലത്തുവച്ചു് പുറത്തേയ്ക്കുപോയി. തോക്കുമേന്തിയ കാവൽ പട്ടാളങ്ങൾ ജാഗ്രതയായി വാതില്ക്കൽ കാവൽ നില്ക്കുവാൻ ഭാവിക്കുകയായിരുന്നു. എന്നാൽ അപ്പോഴേയ്ക്കും മേജർ അവരോടു പൊയ്ക്കൊള്ളുവാൻ ആഗ്യംകാണിച്ചു. അവരും പുറത്തുപോയി. ആ മഞ്ചലിൽ കിടന്നിരുന്ന ആളെ എനിക്കു നല്ലപോലെ കാണാൻ കഴിഞ്ഞിരുന്നില്ല. മേജർ ഏററവും പ്രസാദാത്മകമായ ഒരു മന്ദഹാസം, ഇതിനിടെ, തന്റെ മുഖത്തു വരുത്തിക്കിഴ

ഞ്ഞിരുന്നു. അയാളുടെ വേഷവിധാനങ്ങളെക്കൊണ്ട്, ഒററപ്പെട്ടവനെങ്കിലും, ഒരു സുപ്രസിദ്ധ റഷ്യൻയോദ്ധാവാണയാളെന്നു താൻ മനസ്സിലാക്കിയെന്നും താനും ഒരു പയലററാണെന്നും, തന്നെപ്പോലെയുള്ള മറെറാരു ധീരയോദ്ധാവിനെ സ്വാഗതം ചെയ്യുന്നതിൽ തനിക്കളവററ സന്തോഷമുണ്ടെന്നും ഞങ്ങളുടെ 'അതിഥി'യോടു റഷ്യൻ ഭാഷയിൽ പറയുവാൻ മേജർ എന്നോടു പറഞ്ഞു. ഞാൻ അവിടെ കണ്ടിട്ടുള്ള ഏററവും വെറുക്കത്തക്ക നികൃഷ്ടജീവികളിലൊന്നാണ് അയാൾ—അങ്ങനെയുള്ള നികൃഷ്ടജീവികളെ ഞാനവിടെ ധാരാളമായി കണ്ടിട്ടുണ്ട്. അതെനിക്കു നിങ്ങളോടു പറയുവാൻ കഴിയും—എങ്കിലും തനിക്കാവശ്യമുള്ളപ്പോൾ എങ്ങനെ പ്രസന്നഭാവവും നിഷ്കളങ്കമായ എളിമത്വംപോലും പ്രദർശിപ്പിക്കാൻ ഈ മേജറിന്നു എത്ര അസ്സലായറിയാമെന്നോ!

ഞാൻ ആ മഞ്ചലിൽ കിടക്കുന്ന ആളെ ഒന്നുകൂടി ശ്രദ്ധിച്ചുനോക്കി: ഒരു യുവാവായിരുന്നു അദ്ദേഹം; യുവാവെന്നു പറഞ്ഞാൽപോരാ, വളരെ ചെറുപ്പം! നിങ്ങൾ ഇപ്പോൾ ധരിച്ചിട്ടുള്ളതുപോലെ, മങ്ങിയ നിറത്തിലുള്ള ഒരുതരം ഉടുപ്പുകളാണ് അദ്ദേഹം ധരിച്ചിരുന്നതു്. രക്തപതാകകൾകൊണ്ടുള്ള രണ്ടുമൂന്നു പട്ടാളഓർഡറുകളും മററു പല കീർത്തിമുദ്രാചിഹ്നങ്ങളും അദ്ദേഹത്തിൻെറ ഉടുപ്പുകളിൽ ഉണ്ടായിരുന്നു; തോളിൽ കിടന്നിരുന്ന തോൽപ്പട്ട വ്യോമസേനയിലെ ഒരു ലാഫ്ടനൻറിൻേറതായിരുന്നു. അദ്ദേഹത്തിൻെറ ആ നോട്ടം!......ക്ഷമിക്കണം......അല്പനിമിഷത്തേയ്ക്കു്......"

അവൾ ആകെ വിളർത്തുപോയി; ഞങ്ങൾ ഇരുന്നിരുന്ന വീടിൻെറ വെള്ളയടിച്ച ഭിത്തികളേക്കാൾ അധികം വെളുത്തുപോയി അവളുടെ വദനം. അതികഠിനമായ ശാരീരികപീഢനത്തെ സഹിക്കുവാനെന്നപോലെ, അവൾ അധരങ്ങൾ ബലമായി കടിച്ചമർത്തി; അവൾ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. കുറച്ചുകഴിഞ്ഞു് തലയൊന്നുവെട്ടിച്ചുകൊണ്ട് അവൾ വീണ്ടും പറയുവാൻ തുടങ്ങി:—

"ഇതെല്ലാം എൻെറ മാനസികദൌർബ്ബല്യം......അദ്ദേഹത്തിൻെറ കാലുകൾ പ്ലാസ്റ്റർകൊണ്ടു പൊതിഞ്ഞിരുന്നു. തലയിൽ ശീലകൊണ്ടൊരു കെട്ടുമുണ്ടായിരുന്നു. എന്നാൽ ആ വെള്ളസിൽക്കു ടബ്ബന്നതാഴെയുള്ള അദ്ദേഹത്തിൻെറ തെളിവുററകണ്ണുകളിൽ നിന്ന് സത്യസന്ധവും ചോദ്യരൂപത്തിലുള്ളതുമായ ഒരു നോട്ടം എന്നിൽ തറച്ചു: ഹൃദയം പിളക്കുമാറു് അത്ര മൂർച്ചയേറിയ ഒരു നോട്ടം!

"ഫ്രോളിൻ, ദയവായി, നമ്മുടെ ഈ കൂട്ടുകാരനോടുപറയൂ, നിരായുധനാക്കപ്പെട്ട ഒരെതിരാളി ഒരിക്കലും നമ്മുടെ ശത്രുവല്ല, ആധുനികജർമ്മൻകാർക്ക് ധീരതയേയും പട്ടാളക്കാരൻെറ ബഹുമാന്യതയേയും കുറിച്ചുള്ള മതിപ്പ് ദേശീയാതിർത്തികളേയും കവച്ചുവയ്ക്കുന്നു; ഒരു കാവൽ സൈന്യശാഖയുടെ നായകനെന്ന നിലയ്ക്കും ഒരു പയ്‌ലററിൻെറ ഉദ്യോഗനിലയ്ക്കും എനിക്ക് അദ്ദേഹമൊന്നിച്ചു് ഒരു കോപ്പ വീഞ്ഞു കുടിക്കുവാൻ സന്തോഷമുണ്ട്—അല്ല, അതൊരുപക്ഷെ, റഷ്യൻസമ്പ്രദായത്തിനു

തീരെ യോജിച്ചതായിരിക്കുകയില്ല— അദ്ദേഹത്തോടുകൂടി ഒരു കോപ്പ നല്ല പഴയ വീഞ്ഞുകുടിക്കാൻ."

"ഞാനിതു പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ ആ പയലററിൻെറ ഉജ്ജ്വലനേത്രം എൻെറമുഖത്തു പതിഞ്ഞു. അത്തരുണത്തിൽ അവിചാരിതമായി എൻെറ നയനങ്ങളിൽ അശ്രു നിറഞ്ഞു; അതെന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ആദ്ദേഹത്തിന്നെന്നോടുള്ള വെറുപ്പ് അത്രമാത്രം ആ നോട്ടത്തിൽ നിഴലിച്ചിരുന്നു. അല്ല, ശരിയായ വെറുപ്പുമാത്രമല്ല, ഒടുങ്ങാത്ത പരിഭവവും അവജ്ഞയുംകൂടി അതിൽ സ്ഫുരിച്ചിരുന്നു.

"അദ്ദേഹം എനിക്കൊരു സിഗററു തരട്ടെ." ആ പയലററു പറഞ്ഞു.

ഇതു കേട്ട മാത്രയിൽ മേജർ ഉത്സാഹത്തോടെ ചാടി എഴുന്നേററ് തൻെറ സിഗററു പെട്ടി പയലററിൻെറ കൈയിൽ കൊടുത്തു. കമിഴ്ന്നുകിടന്നു കൈമുട്ടുകൾ മഞ്ചലിൽ ഊന്നിക്കൊണ്ട് അദ്ദേഹം അതിൽനിന്നൊരു സിഗരറെറടുത്ത് അത്യാത്തിയോടെ കൊളുത്തി വലിച്ചു. ആരും ഒന്നും ശബ്ദിച്ചില്ല; ഒരു നിശ്ശേഷനിശ്ശബ്ദത അവിടെ വ്യാപിച്ചു. സിഗററിലെ പുകയില പ്പു കത്തിയെരിയുന്ന നേരിയ ശബ്ദംപോലും എനിക്കു നല്ലപോലെ കേൾക്കാമായിരുന്നു. കുറച്ചുകഴിഞ്ഞു് മേജർ എഴുന്നേററുനിന്ന് ബൂട്ട്സിൻെറ മടമ്പ് ദ്രുതതരം കൂട്ടിമുട്ടി ശബ്ദം പുറപ്പെടുവിച്ചുകൊണ്ട്, താനാരെന്നൊന്നും മററും ഉള്ള വിവരങ്ങൾ പയലററിനെ പറഞ്ഞു ധരിപ്പിച്ചു. എന്നിട്ട്, താൻ സമ്പക്കം നേടുവാൻ ഭാവിക്കു

ന്ന ആ മാന്യാതിഥി ആരാണെന്നറിയുവാൻ തനിക്കതിയായ കൌതുകമുണ്ടെന്നും മേജർ സൌമ്യമായി പറഞ്ഞു.

"എനിക്കൊന്നും പറയുവാനില്ല; അവർ എന്നെ എവിടേക്കെങ്കിലും കൊണ്ടുപോകട്ടെ" പയലററ് മുഖം മറുഭാഗത്തേക്കു തിരിച്ചുകൊണ്ടു പറഞ്ഞു.

'അദ്ദേഹത്തെക്കൊണ്ടെന്തെങ്കിലും പറയിപ്പിക്കുവാനായി മേജർ എങ്ങനെയെല്ലാം പരിശ്രമിച്ചുനോക്കിയെന്നോ! പക്ഷെ ഫലമുണ്ടായില്ല. യാതൊരക്ഷരവുമുരിയാടാതെ അദ്ദേഹം ചുമരിനുനേരെ തിരിഞ്ഞുകിടന്നതേയുള്ളു. ആ ജർമ്മൻ ഉദ്യോഗസ്ഥന്റെ ക്ഷമ തീരാറായെന്ന് എനിക്കു മനസ്സിലായി. ഇടക്കിടെ അയാൾ ചുണ്ടുകൾ ബലമായി കടിച്ചുകൊണ്ടിരുന്നു; മാംസപേശികൾ മുഖത്തു് ഉരുണ്ടുകൂടിത്തുടങ്ങി. സഹികെട്ടയാൾ പെട്ടന്ന് അവിടെനിന്നും എഴുന്നേററുപോയി എങ്കിൽ......! ഞാൻ ഭയന്നു; എന്നാൽപ്പിന്നെന്താ കഥ!—അതേ, അയാൾക്കു പിന്നെ എന്തുചെയ്യാൻ കഴിയുമെന്ന് എനിക്കറിയാം! ക്ഷമയുടെ നെല്ലിപ്പടി കണ്ടുതുടങ്ങിയെങ്കിലും അയാൾ അതു് സ്പഷ്ടമായി പുറത്തു കാണിച്ചില്ല; നമ്മുടെ വ്യോമവകുപ്പിനെക്കുറിച്ചറിവു കിട്ടേണ്ടതു് അവരുടെ ആശാതീതമായ ഒരാവശ്യമല്ലേ? അതുകൊണ്ടു് അയാൾ തന്റെ മനഃക്ഷോഭത്തെ പുറത്തുകാണിക്കാതെ സ്വയം കടിഞ്ഞാണിട്ടു് നിയന്ത്രിച്ചു. ഒടുവിൽ, ആ തടവുപുള്ളിയെ തല്ക്കാലം കൊണ്ടുപൊയ്ക്കൊള്ളുവാൻ മേജർ കല്പിച്ചു. ആ പയലററിന്ന് നിശാമംഗളവും പ്രാർത്ഥിച്ചു പറഞ്ഞുവച്ചു. എന്നാൽ ചുമട്ടുകാർ ആ മഞ്ചലെടുത്തു് പുറ

ത്തുകടന്ന് വാതിൽ അടയ്ക്കേണ്ടതാമസം മേജറിൽനിന്നും ശാപങ്ങളുടെ ഒരു പ്രചണ്ഡപ്രവാഹം നിർഗ്ഗളിച്ചുതുടങ്ങി. എന്നിട്ടും ദ്വേഷ്യമടങ്ങാതെ അവിടെ കിടന്നിരുന്ന ഒരു ബ്രാണ്ടിക്കുപ്പിയെടുത്ത് നിലത്തൊരേററ ഏറ്! പിന്നെ വേഗം പോയി അയാളുടെ ചാരുകസാലയിൽ വീണു. എല്ലാം നിർവ്വിഘ്നം ചെയ്തുതീർത്ത് സ്വതന്ത്രനായി വിശ്രമിയ്ക്കുന്ന ഒരുവൻെറ കണ്ണുകൾപോലെ, മേജറിൻെറ നേത്രങ്ങൾ അപ്പോൾ കേവലം ശൂന്യമായി കാണപ്പെട്ടു. താമസിയാതെ യജമാനൻ അവിടെ വന്ന് എന്നോടു പൊയ്ക്കൊള്ളുവാൻ പറഞ്ഞു് ഒരാളെക്കൂട്ടി എന്നെ എൻെറ വീട്ടിലേക്കെത്തിച്ചു.

"എനിക്കു നന്നേ ക്ഷീണമുണ്ടായിരുന്നു എങ്കിലും അന്നുരാത്രി ഞാൻ തീരെ ഉറങ്ങിയിട്ടില്ല; കണ്ണിൻെറ പോള ` അടയ്ക്കുവാൻപോലുംകഴിഞ്ഞില്ല. ആ പയലററ്-എൻെറ നേരെ അദ്ദേഹം നോക്കിയിരുന്ന ആ നോട്ടം!. അതെൻെറ കൺമുമ്പിൽ എപ്പോഴും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു; ദൃഢവും, മണിക്കിലുക്കംപോലെ മനോഹരവുമായ അദ്ദേഹത്തിൻെറ ആ മധുരസംഭാഷണം എൻെറ ചെവികളിൽ അനസ്യൂതം പ്രതിധ്വനിച്ചുകൊണ്ടിരുന്നു........പിറേറന്ന് അതിരാവിലെ ഞാൻ എഴുന്നേററ്, ഒററപ്പെട്ട ഒരു റഷ്യൻവൈമാനികൻ നമ്മുടെ പട്ടണത്തിൽക്കൂടി വിമാനത്തിൽ പറന്നുപോകുമ്പോൾ വെടിവെച്ചു വീഴ്ത്തപ്പെട്ടുവെന്നും തടവുകാരനായി പിടിക്കപ്പെട്ടുവെന്നും നമ്മുടെ ആളുകൾക്കു് രഹസ്യമായി അറിവുകൊടുക്കുവാൻ ഞാൻ ഭാവിക്കുകയായിരുന്നു. എന്നാൽ എനിക്കു് പുറത്തിറങ്ങാൻ കഴിഞ്ഞില്ല; അതിനുമുമ്പു് മേ

ജർ എന്നെ കൊണ്ടുപോകുവാൻ കാറുമായി പടിക്കൽ എത്തികഴിഞ്ഞിരുന്നു. അദ്ദേഹം തന്നെയാണതോടിച്ചിരുന്നതു്. കാറിൽ പോകുമ്പോൾ അദ്ദേഹം എന്നോടുപറഞ്ഞു: "ആ മനുഷ്യനിൽനിന്നു് സോവിയററു് വ്യോമവകുപ്പിനെക്കുറിച്ചു് കിട്ടാവുന്നേടത്തോളം എല്ലാ വിവരങ്ങളും നമുക്കിന്നു ശേഖരിക്കണം; അതാണിന്നത്തെ പ്രധാനപരിപാടി. ഇയ്യിടെമാത്രം ഇവിടെ പറന്നെത്തിയിട്ടുള്ള ആ പുതിയ യൂണിററിൽപ്പെട്ട ഒരാളാണത്രെ ഇയ്യാൾ. ഹ്രോളിൻ ഇണ്ണ! ആ നാശം പിടിച്ച ബോൾഷെവിക്കുമായി നിങ്ങൾക്കു സംസാരിക്കേണ്ടതുണ്ടു്. നിങ്ങൾക്കിഷ്ടമുള്ളതെന്തും അയാളോടു പറഞ്ഞോളൂ; പക്ഷെ അയാളിൽനിന്നു് നിങ്ങൾക്കു നേടുവാൻ കഴിയുന്ന എല്ലാ വിവരങ്ങളും മനസ്സിലാക്കണമെന്നുമാത്രം. പണംകൊണ്ടെന്തുചെയ്യണമെന്നു നിശ്ചയമില്ലാതാവും; അത്രമാത്രം ധനം നിങ്ങൾക്കു ലഭിക്കും ഇതിൽവിജയിച്ചാൽ. മാത്രമോ, 'ഇറോൺക്രോസ്' എന്ന ബഹുമതിമുദ്രകൊണ്ടു് നിങ്ങൾ അലങ്കരിക്കപ്പെട്ടും!"

"കഴുമരത്തിൻെറ ചുവട്ടിലെത്തിയിട്ടും തൻെറ ഭാവിയെപ്പററി കണക്കുകൂട്ടുകയും ആകാശക്കോട്ടകൾ ചമച്ചു് അതിൽക്കയറിയിരുന്നു മനപ്പായസ്സമുണ്ണുകയും ചെയ്യുന്ന ഇത്തരം തണ്ടപ്പന്മാരായ മരമണ്ടൂസന്മാരെ ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല; നമ്മുടെ രഹസ്യവാർത്തകൾ മനസ്സിലാക്കുവാനായി അവരുടെ വ്യോമവകുപ്പിലെ ഒരു ജനറൽ തലസ്ഥാനത്തുനിന്നു് കാക്കോവിലേയ്ക്കു് യാതൊരാപത്തുംകൂടാതെ പറന്നെത്തിയിട്ടുണ്ടെന്നു് മേജർ

പുറത്തുപറകപോലും ചെയ്തു. അയാൾ അത്രമാത്രം വികാരവിക്ഷുബ്ധനായിരുന്നു. എനിക്കെന്താണ് ചെയ്യേണ്ടതെന്ന് ആലോചിക്കാൻ തന്നെയില്ലായിരുന്നു. പയലററിനെ തനിയെ കാണുവാൻ ലഭിക്കുന്ന ആ സന്ദർഭം ഞങ്ങൾക്ക രണ്ടുപേക്കും ഉപകാരപ്രദമായിരിക്കും. അദ്ദേഹത്തിനു വരാൻപോവുന്ന ആപത്തിനേക്കുറിച്ച് എനിക്കദ്ദേഹത്തിനു മുന്നറിവുകൊടുപ്പാനും സാധിച്ചേയ്ക്കാം... അതുരുണത്തിൽ എനിക്കദ്ദേഹത്തിൻെറ ആ നോട്ടം ഓമ്മവന്നു; മരണത്തെ അഭിമുഖീകരിച്ചാലെന്നപോലെ അതെന്നെ ഏററവും ഭയപ്പെടുത്തി. ഭയം, എനിക്കദ്ദേഹത്തിൻെറ മുറിയിൽ കടപ്പാൻ, യഥാർത്ഥത്തിൽ, ഭയം തോന്നി. അതേ, അദ്ദേഹം എന്നെപ്പററി എന്തെല്ലാം വിചാരിച്ചിരിക്കുന്നമെന്ന് നിങ്ങൾക്കൂഹിക്കാൻ കഴിയുമല്ലോ!

"എന്നാലും ഞാൻ സ്വയം ധൈര്യമവലംബിച്ചു മുറിയിൽകടന്ന് വാതിലടച്ച് ഞാൻ നേരിട്ടദ്ദേഹത്തിൻെറ അടുക്കലേക്കചെന്നു. അദ്ദേഹം തലേദിവസത്തേക്കാൾ വളരെയധികം ശോഷിച്ചിരുന്നു; കേവലം പൊള്ളയായ ഒരു മുഖത്തോടുക്രൂടിയവനേപ്പോലെ കാണപ്പെട്ടു! എങ്കിലും ആ വിശാലനയനങ്ങൾ തുറിച്ചുമിഴിച്ച് എന്നിൽ പതിഞ്ഞു; തലേനാളത്തെപ്പോലുള്ള അതേ നിന്ദ നിറഞ്ഞു തുളച്ചുകയറുന്ന നോട്ടം തന്നെ! ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ ഒരു ഞെട്ടക്കം അദ്ദേഹത്തിൻെറ ഉള്ളിൽ ക്രൂടി പാഞ്ഞുപോയതായി എനിക്കുതോന്നി."

"നിങ്ങൾക്കെങ്ങനെയിരിക്കുന്നു? ഡോക്ടർ ഇന്നു നി

ങ്ങളെ പരിശോധിച്ചില്ലേ? എങ്ങനെയെങ്കിലും സംഭാഷണം തുടങ്ങുവാനായി മാത്രം ഞാൻ ചോദിച്ചു."

"അവക്കു ഭാഗ്യമില്ല; അതുകൊണ്ടവർ എന്നെ മൃഗീയമായി മർദ്ദിക്കുകയാണു്!" പരിഹാസപൂർവ്വം അദ്ദേഹം പറഞ്ഞു.

"എൻെറ മുഖമാകെ തുടുത്തുപോയി; നയനങ്ങളിൽ നിന്നും കുടുകുടെ പ്രവഹിക്കുന്ന കണ്ണുനീർ തടഞ്ഞുനിർത്തുവാൻ എനിക്കു കഴിഞ്ഞില്ല; ഞാൻ കരയുന്നതു് അദ്ദേഹം കണ്ടിട്ടുണ്ടായിരിക്കണം. അദ്ദേഹത്തിൻെറ സ്വരം കുറച്ചൊന്നു താഴ്ന്നുപോയിരുന്നു. കഴിഞ്ഞരാത്രി അദ്ദേഹത്തിൻെറ ശക്തി ഏറെക്കുറെ അപഹരിച്ചിട്ടുണ്ടായിരിക്കണം. എങ്കിലും സംഭാഷണത്തിലുള്ള ധൈര്യവും ക്രൗര്യവും തലേന്നാളത്തേക്കാൾ ഒട്ടും കുറഞ്ഞിട്ടുണ്ടായിരുന്നില്ല. അദ്ദേഹം തുടന്നു:—

"എന്താ, നിൻെറ മുഖം ഇപ്പോൾ തുടുക്കാനുണ്ടായതു്? ആത്മാഭിമാനത്തെ സ്വയം വിററുതിന്നുന്ന നീചജന്തുക്കൾ ലജ്ജിക്കുകയോ? ച്ഛെ! പാടില്ല! നീ ഞങ്ങളുടെ കൈയ്യിൽ അകപ്പെടുന്നതുവരെ കാത്തിരിക്കു്; നീ ഒരുകാലത്തും മറക്കാത്തൊരു പാഠം ഞങ്ങളന്നു് നിന്നെ പഠിപ്പിക്കും; ഓർമ്മിച്ചോ!"

"നിവർന്നുനിന്നുകൊണ്ടു് അദ്ദേഹത്തിൻെറ ആ ക്രുദ്ധമൂത്ത വാക്ശരങ്ങൾ അഭിമുഖീകരിപ്പാനായി ഞാനെന്തുമാത്രം പണിപ്പെട്ടുവെന്നോ! അദ്ദേഹത്തോടു് എൻെറ സ്ഥിതിഗതികൾ മുഴുവനും തുറന്നുപറയാതെ കഴിക്കുവാൻ എൻെറ മനസ്സിനെ നിയന്ത്രിക്കുവാൻ വളരെ

വിഷമിച്ചു. അത്രമാത്രം വേദനാജനകമായിരുന്ന അദ്ദേഹത്തിൻെറ അധരങ്ങളിൽനിന്നും പുറപ്പെട്ടുന്ന അപമാനകരമായ ആ വാക്കുകൾ! ഒന്നുകൂടി ഉച്ചത്തിൽ അദ്ദേഹം തുടൻ.

"ജമ്മൻകാരോടുകൂടി പലായനം ചെയ്തു ഞങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമെന്ന് നീ വിചാരിക്കുന്നു, ഇല്ലേ? തീർച്ചയായും ഞങ്ങൾ നിന്നെ പിടിക്കും; നീയങ്ങനെയൊന്നും പരിഭ്രമിക്കേണ്ട! ബർല്ലിനിൽ പോയൊളിച്ചിരുന്നാൽപ്പോലും ഞങ്ങൾ നിന്നെ തേടിപ്പിടിക്കും. ഞങ്ങളിൽനിന്നു രക്ഷപ്പെടാൻ നിനക്കൊരിക്കലും കഴികയില്ല. നിനക്ക് ഒളിച്ചിരിപ്പാനൊട്ടു് സ്ഥലവുമില്ല.

. ഇത്രയും പറഞ്ഞു് അദ്ദേഹം ഒന്നു ചിരിച്ചു—ആശങ്കയോടുകൂടിയ ഒരു ചിരിയായിരുന്നില്ല അതു്; അദ്ദേഹത്തിനു യാതൊരു ധൈര്യക്ഷയവും ഉള്ളതായി കാണപ്പെട്ടില്ല അംഗക്ഷതമേററു മുറിക്കെട്ടുകളോടെ ആ സന്നാമരണനായി ശത്രുവിൻെറ ജയിലിൽക്കിടക്കുന്ന ഒരു നിസ്സഹായ തടവുപുള്ളിയാണെങ്കിലും അദ്ദേഹത്തിന് ആ നാട്യം തീരെയുണ്ടായിരുന്നില്ല. പ്രത്യുത,. ബർല്ലിൻവരെ ജയിച്ചു കീഴടക്കി ജമ്മൻകാരോടു പകവീട്ടുവാനും ന്യായപരിപാലനത്തിനും ഉദ്യുക്തനായ ഒരു ധീരഭടനെപ്പോലെ വിജയഭാവത്തിൽ തുറിച്ചുനോക്കിക്കൊണ്ടു് അദ്ദേഹം ചിരിച്ചു! ഞാൻ അദ്ദേഹത്തിൻെറ അടുത്തേയ്ക്കു് ഒന്നുകൂടി നീങ്ങിയിരുന്നു. നാലുപാടും നോക്കി കരുതലോടെ ഞാൻ സ്വകാര്യമായി അദ്ദേഹത്തിനോടിങ്ങനെ പറഞ്ഞു:—

"അവർക്കൊന്നും അറിഞ്ഞുകൂട, വ്യോമസേനയിലെ ചില പുതിയ ശാഖകളെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങളിൽനിന്നു നേടുവാൻ അവർ ആഗ്രഹിക്കുന്നു. അവർ വളരെയധികം ഭയചകിതരായാണ് ഇവിടെ വർത്തിക്കുന്നതു്; എത്രമാത്രം പേടിച്ചരണ്ടിരിക്കുന്നുവെന്നോ! ജീവൻ പോയേയ്ക്കുമോ എന്നുകൂടി അവർ ഭയപ്പെടുന്നു. എന്നാൽ നിങ്ങൾ അവരോടൊന്നും പറയരുതു്; ഒരു വാക്കുപോലും. ഇന്നലെ കണ്ട ആ ചോപ്പൻതൊപ്പിക്കാരൻ മേജറില്ലേ, അയാളെ പ്രത്യേകിച്ചും നിങ്ങൾ സൂക്ഷിക്കണം— അതൊരു വല്ലാത്ത ഭയങ്കര ജന്തുവാണ്..."

"അദ്ദേഹം ഞാൻ പറഞ്ഞതെല്ലാം ആശ്ചര്യത്തോടുകൂടി ശ്രദ്ധിച്ചുകേട്ടുകൊണ്ടു് ശാന്തമായിക്കിടന്നു."

"ആ, അപ്പോൾ അതങ്ങനെയാണ്!" അല്പനിമിഷങ്ങൾക്കുശേഷം അദ്ദേഹം വീണ്ടും പറഞ്ഞു: "ആ, അപ്പോൾ അതങ്ങനെയാണ്, അല്ലേ!" അദ്ദേഹത്തിന്റെ നയനങ്ങൾ പൂർവ്വാധികം ദയാപൂർണ്ണങ്ങളായി കാണപ്പെട്ടു. എന്നാൽ അവ സൂക്ഷ്മപരിശോധനാർത്ഥം എന്നിൽ ജാഗ്രതയോടെ പതിഞ്ഞുകൊണ്ടുതന്നെയിരുന്നിരുന്നു. ശരി, അങ്ങനെ കാര്യങ്ങൾ സംഭവിക്കുന്നുവെന്നുപറഞ്ഞു് അദ്ദേഹം ചിരിച്ചു. എന്നാൽമുമ്പിലത്തേപ്പോലൊരു ഷ്ടഭാവത്തോടെയുള്ള ഒരു മന്ദഹാസമായിരുന്നില്ലതു്. എന്നിട്ടു് നയനചലനത്താൽ എനിക്കൊരു സൂചനതന്നുകൊണ്ടു് അദ്ദേഹത്തിനു കഴിവുള്ളത്ര ഉച്ചത്തിൽ ഇങ്ങനെ ആക്രോശിച്ചു:—"കടന്നുപോയില്ലേ, ഇവിടുന്ന്, വൃത്തികെട്ട ഒററുകാരി! ഞാൻ നിന്നോടൊന്നും പറയാൻ ഭാവമില്ല—ഇല്ല, നി

ൻെറ യജമാനനോട്ടും പറയില്ല. എന്നിൽനിന്നൊരു വാക്കുപോലും നിനക്കു കിട്ടുകയില്ല!"

"ആ ജയിൽകെട്ടിടം മുഴുവൻ മുഴങ്ങികേൾക്കത്തക്കവിധം ഉച്ചത്തിൽ അദ്ദേഹമങ്ങനെ കുറേനേരം പുലമ്പി; പിന്നെ അതു നിറുത്തി പതുക്കെ എന്നോടു ചോദിച്ചു:-"

"അപ്പോൾ, നിങ്ങൾ......?"

"ഞാൻ തലയൊന്നു കുലുക്കി. അടിമുതൽ മുടിവരെ ഞാൻ കിടന്നങ്ങനെ വിറയ്ക്കുകയായിരുന്നു. എൻെറ പല്ലുകൾ വേഗതയിൽ കൂട്ടിമുട്ടി താളംപിടിച്ചുകൊണ്ടിരുന്നു."

"കേൾക്കു, നീ സ്വയം സമാധാനമായിരിക്കു." അദ്ദേഹം പറഞ്ഞു. "എന്നാൽ നീ എന്നോടു സത്യമായി പ്പറയണം—അവർ എൻെറ കഥ കഴിക്കുകയില്ലേ?"

"നിങ്ങൾ ഒന്നും പറയുകയില്ലെങ്കിൽ, അവർ നിങ്ങളെ വെടിവെച്ചുകൊല്ലും." ഞാൻ അദ്ദേഹത്തോടു പറഞ്ഞു. എന്നിട്ട് ഞങ്ങളന്യോന്യം വീണ്ടും ചോദ്യരൂപത്തിൽ നോക്കി.

"അതു കഷ്ടമാണ്, മഹാകഷ്ടം! ഞാൻ ഇന്നും ജീവിതം അധികമൊന്നും കണ്ടിട്ടില്ല. കുറച്ചുകാലംകൂടി ജീവിച്ചിരിപ്പാനാഗ്രഹിക്കുന്നു!...നീ, ഏതായാലും പോയ്ക്കോളൂ—ഇവിടുന്നും പുറത്തുപോവുകയല്ലേ, നല്ലതു്?"

"അപ്പോൾ, നിങ്ങൾക്കുവേണ്ടി എനിക്കൊന്നുമിനിചെയ്യാൻ കഴികയില്ലേ—ഇതല്ലാതെ?" ഞാൻ ചോദിച്ചു.

"നീ അത്രമാത്രം ക്ലേശങ്ങളനുഭവിക്കുന്നുണ്ടെന്ന് നിന്റെ കണ്ണുകൾ കണ്ടാൽ തോന്നുന്നു; ഞാൻ നിന്നെ മിക്കവാറും വിശ്വസിക്കുന്നു." അദ്ദേഹം പറഞ്ഞു, 'മിക്കവാറും, എന്നാലും എനിക്കു പാടില്ല, ഞാൻ നിന്നോടൊന്നും പറയുകയില്ല; അതായിരിക്കും നമുക്കു രണ്ടുകൂട്ടർക്കും നല്ലത്. അതുകൊണ്ട്, സഹോദരി! നമുക്കിപ്പോൾ പിരിയാം. വന്ദനം......" അദ്ദേഹം ദീർഘമായൊന്നു നിശ്വസിച്ചു. എന്നിട്ട് മുമ്പിലത്തേപ്പോലെ, ജയിൽ ഭിത്തികൾ കുലുങ്ങത്തക്ക വിധം ഉറക്കെ, വീണ്ടുമെന്നെ തെറി പറയുവാനും ശപിക്കുവാനും തുടങ്ങി.

അശ്രുപ്രവാഹത്തെ തടുത്തുനിറുത്തുവാൻ എനിക്കു കഴിഞ്ഞില്ല; അതെന്നെ ശ്വാസംമുട്ടിച്ചു ..ഇങ്ങനെയുള്ളൊരു യുവാവ്! ഇത്ര കോമളനായൊരു യുവഭടൻ! അദ്ദേഹത്തിനുവേണ്ടി എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ എന്നോർക്കുമ്പോൾ......!ഞാൻ ആ ജയിൽമുറിയിൽനിന്നും വേഗം പുറത്തുകടന്നു. മേജർ എന്നെ കാത്ത് അക്ഷമനായി ആ ഇടനാഴിയിൽ അങ്ങിങ്ങു ലാത്തുകയായിരുന്നു. ഞങ്ങൾ തമ്മിൽ പറഞ്ഞതെല്ലാം അയാൾ ഒളിഞ്ഞുനിന്നു കേട്ടിട്ടുണ്ടായിരിക്കണം; എന്നാൽ, ആ പയ്യൻ ദ്വേഷ്യപ്പെട്ട് എന്നെ ശപിക്കുകയും തെറിപറകയും ചെയ്തുവെന്നല്ലാതെ മററൊന്നും അയാൾക്കു മനസ്സിലായിട്ടില്ലായിരുന്നു. അയാളുടെ മുമ്പിൽ നിവന്നുനില്ക്കുവാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ എനിക്ക് വേറെയൊന്നും സംഭവിച്ചില്ല; അയാൾ എന്നെ ശങ്കിച്ചില്ല. മേജരുടെ മുഖത്തെ മാംസപേശികൾ ദ്രുതതരം പ്രവർത്തിച്ചുകൊണ്ടിരുന്നു; ദ്വേഷ്യംകൊണ്ട് അയാൾ ആകെ വിളർത്തുപോയി.

"ഫ്രോളിൻ, നീ കരയേണ്ട; നീ നിൻെറ കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുകയാണെന്നോർമ്മിക്കുക. അയാളെക്കൊണ്ട് നമുക്ക് യാതൊരു പ്രയോജനവുമില്ലെന്നു കണ്ടാൽ ഉടനെ..." മാനേജർ അതു മുഴമിപ്പിച്ചില്ല.... ഞാൻ എങ്ങനെയാണ് ജയിലിൽനിന്നു പുറത്തുകടന്നതെന്ന് എനിക്കോർമ്മിക്കുവാൻതന്നെ കഴിയുന്നില്ല.

ദീർഘമായൊന്നു നിശ്വസിച്ച് അല്പനേരം ആ പെൺകുട്ടി നിശ്ശബ്ദയായിരുന്നു. ആ സംഭവങ്ങളോർക്കുമ്പോൾ അവൾക്കിപ്പോഴും വികാരത്തെ അടക്കുവാൻ കഴിയുന്നില്ല. അവൾ വിറയ്ക്കുകയാണ്; താടിയെല്ല് ദ്രുതതരം വിറച്ചുകൊണ്ടിരുന്നു; മുഖത്തെ സിരാതന്തുക്കൾ അനിയന്ത്രിതമായി കോച്ചി വലിക്കപ്പെട്ടു. കുറെനേരത്തേയ്ക്ക് അവൾ ഒന്നും പറഞ്ഞില്ല.

"അതിനെപ്പററി പറയുവാൻ എനിക്കു വളരെ വിഷമമുണ്ട്." അവൾ തുടൻു, "എന്നാൽ സോവിയററു പൌരന്മാർ അവിടെ എങ്ങനെയാണ് പെരുമാറിയിരുന്നതെന്ന് ലോകം മുഴുവനുമറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഏതായാലും, നിങ്ങൾക്കതു് ഊഹിക്കുവാൻ മാത്രമേ കഴികയുള്ളു. ഞാൻ ആ കഥ മുഴുവനും പറയണം; അതെൻെറ കത്തവ്യമാണ്. അദ്ദേഹത്തിൻെറ അവസാന മണിക്കൂറുകളെപ്പററി എനിക്കല്ലാതെ മററാക്കും യാതൊന്നും അറിയുകയില്ല."

"ജയിലിൽവെച്ചു നടന്ന ആ കൂടിക്കാഴ്ചയ്ക്കുശേഷം അന്നു പകൽ മുഴുവനും ഞാൻ ഒരുന്മേഷമില്ലാതെ കഴിച്ചുകൂട്ടി. എൻെറ മനോവികാരങ്ങളെ അതികഠിനമാ

യി നിയന്ത്രിക്കേണ്ടിയിരുന്നു. അവരുടെ, ആ മനഃസ്പൃശ്യ മൃഗങ്ങളുടെ അടുത്തുനിന്ന് ഇത്തരം രംഗങ്ങൾ നിർവ്വികാരം നോക്കിക്കൊണ്ടുവാനല്ല കരുത്തും പരിശീലനവും നേടുവാൻ എൻെറ സകല കഴിവും മനശ്ശക്തിയും സമാഹരിക്കേണ്ടിയിരുന്നു. എത്ര ശ്രമിച്ചിട്ടും എനിക്കവിടെ ശരിക്കു പെരുമാറുവാൻ കഴിഞ്ഞില്ല: അവർ അദ്ദേഹത്തോട് നീചമായി സംസാരിക്കുമ്പോൾ എൻെറ ഹൃദയം തകൎന്ന് ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഭാഗ്യവശാൽ, ഞാനും പയലററുംതമ്മിൽ ജയിലിൽവെച്ചു നടന്ന കൂടിക്കാഴ്ചയുടെ വിവരമെല്ലാം മേജർ എൻെറ യജമാനനോട് പറഞ്ഞിട്ടുണ്ടായിരുന്നു. ആ കൂടിക്കാഴ്ചയിൽ എനിക്കു നേരിട്ട പരാജയത്തിലാണു ഞാൻ കരയുന്നതെന്നാണ് അവർ ധരിച്ചതു്; അതുകൊണ്ട് അവർ അവരുടെ സ്വന്തം രീതിയിൽ അതിനെ വ്യാഖ്യാനിക്കുകയും എന്നെ സമാധാനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അതെല്ലാം ഞാൻ ശ്രദ്ധിച്ചു കേട്ടുവെങ്കിലും അവരെ കാണാതിരിക്കത്തക്കവിധം എൻെറ മുഖം ഞാൻ കൈകൊണ്ട് മറച്ചുപിടിച്ചിരുന്നു. ആ കേസ്സുവിസ്താരത്തെ അഭിമുഖീകരിപ്പാൻ എനിക്കു കഴിയാതെ വന്നേയ്ക്കുമോ, നിസ്സാരമെങ്കിലും, വല്ല തെററുകളും പ്രവൎത്തിച്ചുപോയേയ്ക്കുമോ എന്നുംമററും ഞാൻ വല്ലാതെ ഭയപ്പെട്ടിരുന്നു.

"എന്നാൽ ഏററവും നികൃഷ്ടമായ ആ രംഗം വരുന്നതേയുള്ളു. ഒരു പക്ഷേ, ഞങ്ങളുടെ പ്രവൎത്തനങ്ങളെക്കുറിച്ചു് നിങ്ങൾക്ക് ചിലതെല്ലാം അറിയാം, ഇല്ലേ? പിന്നെ എന്നെസ്സംബന്ധിച്ചും കുറച്ചെല്ലാം നിങ്ങൾ മനസ്സിലാക്കിയിട്ടില്ലേ? ഞാൻ പുതുതായി ഈ പ്രവൎത്തി

യിൽ ഏർപ്പെട്ടവളല്ല. എന്നാലും ഞാൻ കടന്നുപോന്നിട്ടുള്ള അഗ്നിപരീക്ഷകളിൽവെച്ചു് ഏററവും ഭയങ്കരമായ ഒന്നായിരുന്നു അതു്. ഞാൻ മുമ്പു പറഞ്ഞ ആ റേഡിയോമസേനയിലെ ജനറൽ ഒരുവിധം ധീരയോധാവായിരുന്നു; 'ഗവരി'ണ്ടിൻെറ ഒരാപ്തമിത്രവും. അവരെല്ലാം അയാളെ ബഹുമാനിച്ചിരുന്നു. ആ ജനറൽ സ്വയം പയലററിനെ നേരിട്ടു വിസ്തരിക്കുവാനററച്ചു. ഉയരമുള്ള ഒരു സുഭഗനും സ്വമതാഭിമാനിയുമായിരുന്നു അയാൾ.

പയലററു് കിടന്നിരുന്ന മുറിയിലേയ്ക്കു ജനറൽ കടന്നു. എൻെറ ജയമാനനും, മേജറും ഞാനും അദ്ദേഹത്തെ പിൻതുടന്നു. ഞങ്ങളെല്ലാം അകത്തു പ്രവേശിച്ചു ഉടനെ, ജനറൽ തനിക്കു സ്വാഭാവികമായുള്ള ആ അസന്ദിഗ്ദ്ധമായ ഉറപ്പോടെ നേരെ പയലററിൻെറ അടുക്കലേയ്ക്കു പോയി; എന്നിട്ടു തൻെറ പേർ സ്വയം പറഞ്ഞു് പയലററിനെ പരിചയപ്പെടുത്തുകയും ചെയ്തു-ആ പേർ വളരെ പ്രസിദ്ധമായ ഒന്നായിരുന്നുതാനും—പയലററിനു കൈ കൊടുക്കുവാനായി ജനറൽ തൻെറ കൈ നീട്ടി. എന്നാൽ പയലററു് അതു കാണാത്ത ഭാവത്തിൽ, ഒന്നും പറയാതെ, മുഖം തിരിച്ചു കിടക്കുകമാത്രം ചെയ്തു.

"ഹേ, യുവാവേ! നിങ്ങൾ വളരെ അപമര്യാദയായി പെരുമാറുന്നു. ഞാനൊരു ജനറലാണു്; രണ്ടു യുദ്ധങ്ങളുടെ നായകൻ! മേലുദ്യോഗസ്ഥന്മാരുടെ അഭിനന്ദനം സ്വീകരിക്കേണ്ടതു് ഒരു പട്ടാളക്കാരൻെറ മാന്യമായൊരു കർത്തവ്യമാണു്."

"ഞാനതു പരിഭാഷപ്പെടുത്തികൊടുത്തു. ആ ജനറൽ വളരെ നല്ല ഒരു ആക്ടറായിരുന്നു, ഉയന്ന വൃത്തങ്ങളിൽ സ്ഥിതിചെയ്യുന്ന ഫാസിസ്ററുദ്യോഗസ്ഥന്മാരെല്ലാംതന്നെ ഒരുവിധം നല്ല വിദൂഷകന്മാരാണ് ആ ജനറൽ അങ്ങനെ ഹൃദയസ്പൃക്കാകുംവണ്ണം സന്മനോഭാവത്തിൽ പറഞ്ഞു!"

"ബഹുമാന്യതയെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?" ആ പയലററ് നേരിയൊരു മന്ദഹാസത്തോടെ ചോദിച്ചു.

"അതും ഞാൻ തജ്ജിമചെയ്തുകൊടുത്തു. എന്നാൽ അതുകേട്ടപ്പോൾ ജനറൽ ഞെട്ടി പിന്മാറിയതായിക്കാണപ്പെട്ടില്ല; നീരസഭാവത്തിൽ നെററിയൊന്നു ചുളിച്ചു; പക്ഷേ അതും ഒരു നിമിഷനേരംമാത്രം. എന്നിട്ടയാൾ ചോദിച്ചു:—"

"ഒരു പക്ഷേ, ഇവിടെ നിങ്ങളോട്ട് മര്യാദകേടായി പെരുമാറിയിരിക്കാം? ഇവിടെ എന്താണ് നിങ്ങളെ ഇത്ര വെരുപ്പിക്കുന്നതു്? നിങ്ങൾക്കു ലഭിക്കുന്ന വൈദ്യസഹായങ്ങളും ശുശ്രൂഷയും തൃപ്തികരമാവുന്നില്ലേ? അങ്ങനെ വല്ലതുമുണ്ടെങ്കിൽ എന്നെ അറിയിക്കു; എല്ലാം വേണ്ട പോലെ ചെയ്യുവാൻ ഞാൻ ഉടനെ കല്പനകൊടുക്കാം. ഒരു ധീരയോദ്ധാവ് ഏതു പരിതഃസ്ഥിതിയിലും ഒരു ധീരയോദ്ധാവായിത്തന്നെ വത്തിക്കുന്നു."

"അയാൾക്കെന്തുവേണമെന്നു ചോദിക്കു." പയലററ് ക്ഷീണസ്വരത്തിൽ പറഞ്ഞു.

"തൻെറ ദേഹമാസകലം പററിയിട്ടുള്ള മുറിവുകൾ കാരണം അദ്ദേഹം ഭയങ്കര യാതനകൾ അനുഭവി

ച്ചുകൊണ്ടിരുന്നുവെന്നു വ്യക്തമായിരുന്നു; എന്നാൽ തന്റെ വിഷമതകളെക്കുറിച്ചുള്ള ഒരു ശത്രുവിന്റെ അന്വേഷണം ഒരിക്കലും അദ്ദേഹം കാംക്ഷിച്ചിരുന്നില്ല. നെററിത്തടത്തിൽ പൊടിഞ്ഞു് മുഖത്തേയ്ക്കൊഴുകിക്കൊണ്ടിരുന്ന വിയർപ്പുകണങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ യാതനകളെ വ്യക്തമാക്കിയിരുന്നുള്ളു."

"ആ ജനറലിന്റെ ക്ഷമയുടെ നെല്ലിപ്പടി കണ്ടുതുടങ്ങിയിരുന്നു."

"നാശം പിടിച്ചതു്! അയാളോടിഷ്ടമുള്ളതു് തിരഞ്ഞെടുത്തുകൊള്ളുവാൻ പറയൂ: ഒന്നുകിൽ, അവരുടെ വ്യോമവകുപ്പിനെക്കുറിച്ചു് അല്പം ചില വിവരം—അയാളാണാവിവരം നമുക്കു തന്നതെന്നു് അയാളുടെ നാട്ടുകാരിൽ ഒരൊററക്കുട്ടിപോലും അറിയുകയില്ല—നമുക്ക് അയാൾ തരട്ടെ; അയാളുടെ കാര്യം രക്ഷയായി, യുദ്ധാവസാനംവരെ ഏററവും സുഖസമൃദ്ധവും സമാധാനപൂർണ്ണവുമായ ഒരു ജീവിതം—മാന്യനായ ഒരു യൂറോപ്യൻപൌരന്റെജീവിതം-നയിക്കുവാൻ അയാൾക്കു സാധിക്കുമെന്നു് ഉറപ്പുതരുന്നു......ഇനി അതല്ല, അയാൾ ഇവിടെ ഇങ്ങനെ ദുശ്ശാഠ്യം പിടിച്ചിരിക്കുകയാണെങ്കിലോ,—അതും അയാളുടെ നാട്ടുകാരാരും അറിയുവാൻ പോകുന്നില്ല, അയാളെ അതും പറഞ്ഞു മനസ്സിലാക്കു—, പിന്നേയും അയാൾ വെറും പിടുത്തം പിടിച്ചിരിക്കുകയാണെങ്കിൽ...!ശവക്കുഴിയിലുള്ള കൃമികീടങ്ങൾക്ക് ധീരന്മാരുടേയും വിഡ്ഢികളുടേയും മൃതശരീരങ്ങൾ തമ്മിൽ യാതൊരു ഭേദവുമില്ല; രണ്ടും അവ ഒരേ രുചിയോടുക്രൂടിത്തന്നെ തിന്നൊടുക്കും."

"ഞാൻ ആ പ്രസംഗം പയലററിന്ന പരിഭാഷപ്പെടുത്തിക്കൊടുത്തു. അതു കേട്ടപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി."

"ആ ജനറലിനോടു പറയൂ, അയാൾ എല്ലാംകൊണ്ടും അയാളുടെ ഹിററ്ലൎക്ക് യോജിച്ച ഒരു പയ്യൻതന്നെയാണെന്ന്."

"പയ്യൻ എന്നപദത്തിന്റെ ശരിയായ ജൎമ്മൻവാക്ക് അപ്പോൾ എനിക്കോൎമ്മിക്കുവാൻ കഴിഞ്ഞില്ല. അതിനെ ഞാൻ ശിഷ്യൻ എന്നു തൎജ്ജിമ ചെയ്തു. സ്വയം സംതൃപ്തനും മരമണ്ടനുമായ ആ ജന്തുവിന്റെ മുഖം സന്തോഷത്താൽ പ്രകാശിച്ചതുകണ്ടു് ഞാൻ ആശ്ചൎയ്യപ്പെട്ടുപോയി. അയാൾ അഭിമാനത്താൽ ഒന്നുകൂടി ഉയൎന്നപോലെ തോന്നി. ആ ജനറൽ, അതങ്ങനെതന്നെയാണു്; ലഫ്ട്ടണൻറിന്റെ ഊഹം വളരെ ശരിയാണെന്നും, താൻ യഥാൎത്ഥത്തിൽ, ഹിററ്ലരെ അനുകരിക്കുവാൻ തുനിഞ്ഞിരുന്നുവെന്നും മറുപടി പറഞ്ഞു. ഇപ്പോൾ അവൎക്കന്യോന്യം മനസ്സിലാക്കുവാൻ കഴിയുമെന്നു് തനിക്കുറപ്പുണ്ടെന്നും അയാൾ പറഞ്ഞു—രണ്ടാളും ധീരയോദ്ധാക്കൾ, രണ്ടു പട്ടാളക്കാർ, മററുപല റഷ്യക്കാരേക്കാളുമൊക്കെ വളരെയധികം വിവേകമുള്ളവനാണു് ആ ലഫ്ട്ടണൻറു് എന്നു് ആ ജൎമ്മൻ ജനറലിന്നുതോന്നി. അതുകൊണ്ടു് അയാൾ അദ്ദേഹത്തോടു ചോദിച്ചു, സോവിയററുറഷ്യക്കാർ ഇത്രമാത്രം നിരാശാജനകമാംവിധം മൎക്കടമുഷ്ടി കാട്ടുന്നതെന്തിനാണു്; അവർ പിൻവാങ്ങുമ്പോൾ അവരുടെ സ്വന്തം വീടുകൾപോലും

ചുട്ടു ചാമ്പലാക്കുന്നതെന്തിനാണ്? ഈ മുന്നണിയിൽ പ്പോലും കീഴടങ്ങാൻ കൂട്ടാക്കാതെ പിന്നേയും സ്വയം പകവീട്ടലിന്നും ശിക്ഷകൾക്കും വിധേയരായിക്കൊണ്ട് വാശിയോടെ തുടൎന്നു യുദ്ധംചെയ്യുന്നതെന്തുകൊണ്ടാണ്; അവർ യുദ്ധത്തിൽ തോററു തുന്നംപാടിയിരിക്കുന്നുവെന്ന് ഏതു വിഡ്ഢികൾക്കും പകൽ വെളിച്ചംപോലെ വ്യക്തമായിക്കാണുവാൻ കഴിയും, എന്നിട്ടും അവർ യാതൊരു രഹസ്യവും പുറത്തുവിടാതെ മരിക്കുവാൻ കൂട്ടതലിഷ്ടപ്പെടുന്നതെന്തുകൊണ്ട്? എന്തിനാണവർ ഇങ്ങനെയൊക്കെ ചെയ്യുന്നത്?...താൻ ഹിററ്ലരുടെ ശരിയായൊരു ശിഷ്യനാണെന്നുള്ള ആ പയലററിൻെറ പ്രസ്താവനയെ, സ്വയം സംതൃപ്തനും മരമണ്ടനുമായ ആ ജനറൽ, റഷ്യക്കാർ തനിക്കൊരു ബഹുമതിമുദ്ര തന്നതിൻെറ ലക്ഷണമായി കണക്കാക്കി; മാത്രമല്ല, ഇതുമൂലം ആ പയലററ് താൻ പറയുന്നതെല്ലാം സ്വീകരിച്ചുവെന്ന് ഇതിനൎത്ഥം കല്പിക്കുകയും ചെയ്തു. മേജറിനേയും എൻെറ യജമാനനേയും തന്നേക്കാൾ മോശക്കാരായി കണക്കാക്കിയിരുന്ന ആ ജനറൽ, അവരുടെ മുമ്പിൽ തനിക്കു സിദ്ധിച്ച ആ വിജയത്തിൽ അഭിമാനിച്ചു ഞെളിഞ്ഞിരിക്കുന്നപോലെ കാണപ്പെട്ടു. ജനറലിൻെറ ആ ചോദ്യങ്ങളെല്ലാം ഞാൻ പയലററിന്നു തൎജ്ജിമ ചെയ്തു കൊടുത്തു."

"വിഡ്ഢി! അദ്ദേഹം വ്യക്തമായി ഉറക്കെ പറഞ്ഞു, ഇതിൻെറയെല്ലാം കാരണം, അയാളോടു പറയൂ, ഞങ്ങൾ സോവിയററുജനങ്ങളാണെന്ന്;—അല്ലാതെ അയാളെപ്പോലുള്ളവരല്ല!"

"ആ സമയത്തു് നിങ്ങൾ അദ്ദേഹത്തെ ഒന്നു കണ്ടി

രുന്നുവെങ്കിൽ! കൈമുട്ടുകൾ നിലത്തൂന്നി സ്വയം തലയു യർത്തിപ്പിടിച്ചുകിടക്കുകയാണദ്ദേഹം, നെററിയിലും തല യിലുമുള്ള വെളുത്ത മുറിക്കെട്ടുകളുടെ താഴെ നിബിഡ മായിവളന്ന ആ കറുത്തുതടിച്ച പുരികക്കൊടികൾ രണ്ടും കൂട്ടിമുട്ടി, നയനങ്ങളിൽനിന്നും തീപ്പൊരി ചിതറി. ജനറൽ കലികൊണ്ടു തുള്ളിച്ചാടി. ഒരു ചെന്നായയെ നിങ്ങളെത്രമാത്രം ലാളിച്ചുപോററിവളർത്തിയാലും, അ തെപ്പോഴും കാട്ടിലേയ്ക്കുതന്നെ ഉററുനോക്കിക്കൊണ്ടിരി ക്കും. എന്നു റഷ്യൻഭാഷയിലൊരു പഴഞ്ചൊല്ലുണ്ട്, ഏ താണ്ടതിന്നു സമമായൊരു ജർമ്മൻവാചകമുച്ചരിച്ച് കുത്സിതമായൊരു ശപഥം ചെയ്തുകൊണ്ട് അയാൾ ക സാലയിൽനിന്നും ചാടിയെഴുന്നേററു. തനിക്കു ലഭിച്ച മാന്യമായ പെരുമാററത്തിന്നും ശുശ്രൂഷയ്ക്കും പ്രതിഫ ലമായി ഏററവും നീചമായ കൃതഘ്നതമാത്രം പ്രദാനം ചെയ്യുന്ന കേവലം മന്ദബുദ്ധിയും വിഡ്ഢിയുമായൊരു ജ ന്തുവാണ് ആ ലഫ്ട്ടനൻറ് എന്നൊക്കെ ജനറൽ പു ലമ്പി."

"അന്താരാഷ്ട്രീയകരാറനുസരിച്ച് യുദ്ധത്തിൽ മുറി വേററ ശത്രുഭടന്മാരെപ്പോലും, തടവുകാരായിപ്പിടി ച്ചാൽ, ശുശ്രൂഷിക്കണമെന്നു നിയമമുണ്ട്, അല്ലാതെ എ ന്നെ നിങ്ങൾ ശുശ്രൂഷിക്കുന്നതു് ഒരു സാധാരണസംഭവ മൊന്നുമല്ലെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്." ആ ലഫ്ട്ടനൻറ് മറുപടി പറഞ്ഞു.

"കരാറ്! നിശ്ചയമായും! ഹ! ഹ! ഒരു റഷ്യൻ കാട്ടുപ ന്നിയുടെമേൽ, അവനിൽനിന്ന് വെറും ദുർഗ്ഗന്ധമല്ലാതെ

മററൊന്നും കിട്ടുവാനില്ലെങ്കിൽ, വെച്ചുകെട്ടുവാനായി ഈ ജമ്മൻതുണിയെല്ലാം ഞങ്ങൾ വെറുതെ നശിപ്പിക്കുകയല്ലേ!"

ജനറൽ ഉച്ചത്തിലാക്രോശിച്ചുകൊണ്ട് നിലത്ത് ബൂട്ട്സിട്ടു ചവുട്ടി ശബ്ദമുണ്ടാക്കി. ആ തടവുകാരനിൽനിന്ന് എന്തെങ്കിലും വിവരം ലഭിക്കുവാനുള്ള അവസാന സന്ദർഭംപോലും നഷ്ടപ്പെടുവാൻ പോവുകയാണെന്നു മനസ്സിലാക്കിയ എൻെറ യജമാനൻ മാന്യമായി അതിൽ ഇടപെട്ടു; ജനറലിനെ സാഹസകൃത്യങ്ങളിൽനിന്നും നിർബ്ബന്ധപൂർവ്വം പിന്തിരിപ്പിക്കുവാൻ ആവുന്നതും ശ്രമിച്ചുനോക്കി; പക്ഷേ നിഷ്ഫലമായതേയുള്ളു. ജനറലിൻെറ ദ്വേഷ്യം ഒട്ടും ശമിച്ചില്ല! ഞാൻ ആ ജനറലിൻെറ വാക്കുകൾ പരിഭാഷപ്പെടുത്തിക്കൊടുത്തു. അതു കേട്ടപ്പോൾ മുറിവേററ ആ പയലററ് ഒരു 'കര കര'ശബ്ദത്തോടെ മഞ്ചലിൽ എഴുന്നേററിരുന്നു; മുഷ്ടികൾ ചുരുട്ടി കാലിന്മേൽ ഒരൊററ അടി; കാലിന്മേലുണ്ടായിരുന്ന പ്ലാസ്റ്റർ മുഴുവൻ തട്ടി നീക്കി; കഴുത്തിലും തലയിലും മററും വെച്ചുകെട്ടിയിരുന്ന തുണി മുഴുവൻ വലിച്ചു പിച്ചിച്ചീന്തിക്കളഞ്ഞു. ആ മുറിവുകളിൽനിന്നും അതിശക്തിയോടെ രക്തം പ്രവഹിക്കുവാൻ തുടങ്ങി; ഒരു രക്തനദിപോലെ അതു് അദ്ദേഹത്തിൻെറ മുഖത്തുകൂടി ഒഴുകി!

"നിങ്ങളുടെ ഫാസിസ്ററുദയ യാതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല!" അദ്ദേഹം ഗർജ്ജിച്ചു.

"നീചനായ മതഭ്രാന്തൻ, കാടൻ, ഉത്തരധ്രുവപ്രദേശത്തുള്ള അപരിഷ്കൃത ജന്തു!" ജനറലും ഗർജ്ജിച്ചു.

"പിന്നെ പെട്ടെന്നൊരു നിമിഷംകൊണ്ട് അതെല്ലാം സംഭവിച്ചു. തൻെറ കൈകൾകൊണ്ട് കണ്ണുകൾ അമർത്തിപ്പൊത്തി ഒന്നു പിന്നോക്കമാഞ്ഞു് ആ ലഫ്ട്ടണൻറ്, തൻെറ വായിൽ നിറഞ്ഞ രക്തം ജനറലിൻെറ കണ്ണിലേയ്ക്കൊരു തുപ്പുകൊടുത്തു!

"ആ മൂന്നു ജമ്മൻകാരും ഉടനെ ആ പയലററിൻെറ മേൽ ചാടിവീണു; കാലുകൾകൊണ്ട് അദ്ദേഹത്തെ ചവുട്ടിത്തുടങ്ങി. മറിവേററ ആ യുവധീരൻ, കിതച്ചുകൊണ്ടാണെങ്കിലും, അവരോടെതിൎത്തു യുദ്ധംചെയ്തു. അപ്പോഴും അദ്ദേഹത്തിന്നു് നല്ല ശക്തിയുണ്ടായിരുന്നു. നിരന്തരം രക്തം പ്രവഹിച്ചുകൊണ്ടിരുന്നുവെങ്കിലും, ആ മഞ്ചലിലിരുന്നുകൊണ്ട് ധീരതയോടെ അദ്ദേഹം അവരെ എതിൎത്തു; അവരെ തരംകിട്ടിയ ദിക്കിലെല്ലാം തല്ലിക്കൊണ്ടിരുന്നു. അവർ മൂന്നുപേരും കൂടിയിട്ടും ആ ഏകനായ സോവിയററുഭടനെ പിടിച്ചുകെട്ടുവാൻ കഴിഞ്ഞില്ല. ഈ രംഗമെല്ലാം കണ്ടുകൊണ്ട് ഞാൻ അടുത്തുതന്നെ നില്ക്കുകയായിരുന്നു. നിങ്ങൾ മനസ്സിലാക്കണം, യുവകോമളനായ ഒരു ധീരയോദ്ധാവിനെ, ഞാൻ എൻെറ ജീവിതത്തിൽ കണ്ടിട്ടുള്ളവരിൽവെച്ചു് ഏററവും സുഭഗനായ ഒരു യുവാവിനെ, ഈ ജന്തുക്കൾ പിച്ചിച്ചീന്തുന്നതു് നോക്കിക്കണ്ടുകൊണ്ട് എനിക്കവിടെ നില്ക്കേണ്ടിവന്നു! എൻെറ സവ്വശക്തിയുമെടുത്തു് അദ്ദേഹത്തെ ചെന്നു സഹായിപ്പാൻ ഞാൻ ആഗ്രഹിച്ചു; അല്ലെങ്കിൽ, അദ്ദേഹത്തെ സഹായിപ്പാൻ കഴിഞ്ഞില്ലെങ്കിൽ വേണ്ട, അദ്ദേഹമൊന്നിച്ചു് മരിക്കുവാനെങ്കിലും കഴിഞ്ഞുവെങ്കിൽ, ഞാൻ മരണത്തെ ഭയപ്പെട്ടിരുന്നില്ല. ഇല്ല, ഒരിക്കലും. എന്നാൽ

എനിക്കെൻെറ കത്തവ്യത്തെപ്പററി ചിന്തിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ, നമ്മുടെ വിഷമം പിടിച്ച ഈ ദശയുടെ സായംവേളയിൽ, ഇവിടെ എനിക്കുള്ള ജോലി പ്രത്യേകിച്ചും വളരെ പ്രധാനമായതാണെന്നും, എനിക്ക് സ്വയം ശത്രുക്കളുടെ കൈയിലകപ്പെട്ട് മരിക്കുവാനവകാശമില്ലെന്നും ഞാനറിഞ്ഞു. അങ്ങനെ ചെയ്യുന്നത് അദ്ദേഹത്തെ സഹായിച്ചുകൊണ്ട് മരിക്കുന്നത് ഞാൻ എൻെറ രാജ്യത്തോടു ചെയ്യുന്ന ഏററവും ദ്രോഹപരമായ ഒരു വഞ്ചനയായിരിക്കും; നമ്മുടെ ലക്ഷ്യത്തിന്നൊരു അടിയായിരിക്കും അതു്. എന്തുതന്നെ സംഭവിച്ചാലും വേണ്ടതില്ല, ജമ്മൻകാർ എന്തെല്ലാം ചെയ്തിരുന്നുവെന്നും അവരുടെ പരിപാടികളെന്തെല്ലാമായിരുന്നുവെന്നും നിങ്ങളേപ്പോലുള്ള പട്ടാളക്കാർ അറിഞ്ഞിരിക്കണം, അതിന്ന്, ഞാൻ അവിടെനിന്ന് ആ സംഭവങ്ങൾ മുഴുവനും കണ്ട് രഹസ്യമായി നമ്മുടെ ജനങ്ങളെ അറിയിക്കണം.

യഥാത്ഥത്തിൽ, ഞാനന്നു ചെയ്തതു്, മുമ്പൊരിക്കലും ചെയ്തിട്ടില്ലാത്ത ഒരു ധീരകൃത്യംതന്നെയാണ്. ഈ ഭയങ്കര രംഗങ്ങൾ കണ്ടിട്ടും ഞാൻ കരയുകപോലും ചെയ്തില്ല. എൻെറ കൈയിലെ നഖങ്ങൾ നീലനിറമാകത്തക്കവിധം കസാലക്കയ്യിന്മേൽ മുറുക്കിപ്പിടിച്ചുകൊണ്ട് അവിടെ ഇരിക്കുകമാത്രം ചെയ്തു. അവിടെ നടക്കുന്ന കേവലമൊരു നിസ്സാരസംഭവംപോലും വിട്ടുപോവാതെ എൻെറ സ്മൃതിപഥത്തിൽ പതിപ്പിക്കുവാൻ ശ്രമിച്ചു. എൻെറ കൺമുമ്പിൽവെച്ചുതന്നെ അവർ അദ്ദേഹത്തെ തച്ചുകൊന്നു. ആ അസാധാരണ മനുഷ്യൻ,—അദ്ദേഹ

ത്തിൻെറ ശരിയായ പേർ എനിക്കറിയുകയില്ല,—പൊരുതിക്കൊണ്ടുതന്നെ മരിച്ചു. ആ ആപ്പീസ് മുഴവൻ അദ്ദേഹത്തിൻെറ രക്തം ചിന്നിച്ചിതറി ഒരു ഭയങ്കര കുരുതിക്കളമായി മാറി. എന്നാൽ അത്തരുണത്തിലും, ഞാൻ അദ്ദേഹത്തിന്നു യോജിച്ച ഒരു ധീര സഹപ്രവൎത്തകയാണെന്നു തെളിയിച്ചു. ഞാൻ സ്വയം ധൈൎയ്യം കൈവിടാതെ തന്നെ നിലകൊണ്ടു. അതിന്നുശേഷം എനിക്കഭിമുഖീകരിക്കേണ്ടിവന്ന വിഷമഘട്ടങ്ങൾക്കവസാനമില്ല; എന്നാൽ, നിങ്ങൾ കാക്കോവു പിടിച്ച ആ ദിവസം, ആ നിമിഷംവരെ, ഞാൻ അതെല്ലാം അതിജീവിച്ചുപോന്നു. ഞാൻ പറയുന്നതു് നിങ്ങൾ വിശ്വസിക്കു; വീരസ്വൎഗ്ഗം പ്രാപിക്കുന്നതിലും, യുദ്ധക്കളത്തിൽ ഒരു ഭടൻ പൊരുതി മരിക്കുന്നതിലും ഒട്ടും വിഷമംകുറഞ്ഞ ഒന്നല്ല, ഇത്തരം വിഷമഘട്ടങ്ങളെ തരണംചെയ്യുന്നതും.

ആവശ്യമുള്ളപ്പോൾ പഴക്കവും തഴക്കവും ചെന്ന ഒരു യോദ്ധാവിൻെറ നാഡീബലവും മനക്കരുത്തും പ്രദർശിപ്പിച്ചിരുന്നവളെങ്കിലും, മൃദുലതയും ഓമനത്തവും തോന്നിക്കുന്ന നോട്ടത്തോടുകൂടിയ ആ കൊച്ചുബാലിക അപ്പോൾ ആപാദചൂഡം കിടുകിടാ വിറച്ചുകൊണ്ടിരുന്നു.

"അദ്ദേഹത്തിൻെറ പേർ ഒരിക്കലും ഞാൻ മനസ്സിലാക്കിയിരുന്നില്ല; ഇന്നും എനിക്കതറിയില്ല. എന്നാലും ഞാൻ അദ്ദേഹത്തെ ഒരിക്കലും മറക്കുകയില്ല. ശക്തനും ധീരനും കോമളാംഗനുമായ അദ്ദേഹത്തെ ഞാനെപ്പോഴും എൻെറ മനസ്സിൽ ദർശിക്കും."

പെട്ടെന്നവൾ കൈപ്പടംകൊണ്ടു മുഖം മറച്ച് വി

ങ്ങിവിങ്ങി കരഞ്ഞുതുടങ്ങി. ശരൽക്കാലത്തെ ഒരു ഭൂർജ്ജ വൃക്ഷത്തെപോലെ അവൾ വിറച്ചുകൊണ്ടിരുന്നു. കെട്ടി പിൻ ചെയ്തുവെച്ചിരുന്ന അവളുടെ ചികുരഭാരം ആ ചലനത്താൽ കെട്ടഴിഞ്ഞു ചിന്നിച്ചിതറി; പിന്നുകൾ മുഴുവൻ കൊഴിഞ്ഞു താഴെ പതിച്ചു. പരുപരുത്ത ആ പട്ടാളക്കോട്ടിന്നു മുകളിൽ പതിച്ച തരംഗിതമായ അവളുടെ ചെമ്പൻമുടി വീതികൂടിയ ഒരു കടൽത്തീരംപോലെ പ്രശോഭിച്ചു.

ക്ഷണനേരംകൊണ്ട് അവൾ ശാന്തയായിത്തീൎന്നു. അശ്രുപ്രവാഹത്താൽ നനഞ്ഞ അവളുടെ വദനം സുദൃഢവും കൂടുതൽ പരുപരുത്തതുമായി മാറി. അവൾ നയനങ്ങൾ തുടച്ചു; കൊഴിഞ്ഞുവീണ പിന്നുകളെല്ലാം പെറുക്കിയെടുത്ത് വീണ്ടും മുടിക്കെട്ടിൽ തിരുകി. എന്നിട്ട് മന്ദഹാസപൂൎവ്വം അവൾ തുടൎന്നു:—

"ഇതെല്ലാം എൻെറ മനോദൗർബ്ബല്യമാണ്........ എനിക്കിപ്പോൾ കുറച്ചു വിശ്രമമെടുക്കണം, അത്രമാത്രം. അല്ലാതെ എൻെറ ഈ സുഖക്കേടിന്ന് ഒന്നും ചെയ്യേണ്ടതില്ല......എനിക്ക് കുറച്ചുദിവസത്തേയ്ക്കു് അവധികിട്ടിയിരിക്കുന്നു........."

"അതുകഴിഞ്ഞാൽ, പിന്നെന്താ ഉദ്ദേശിക്കുന്നത്?"

"പിന്നെ ഞാൻ അങ്ങോട്ടുതന്നെ പോകും; യുദ്ധം ഇപ്പോഴും അവസാനിച്ചിട്ടില്ല."

അവളുടെ മൃദുലവദനം രൂക്ഷവും സുദൃഢവുമായി മാറി. പെട്ടെന്ന് അവൾക്ക് ഒരു പത്തുവയസ്സു പ്രായം കൂടിയപോലെ കാണപ്പെട്ടു.

"മടങ്ങി അങ്ങോട്ടുതന്നേയോ! ഇത്രയേറെ കഷ്ടപ്പാടുകളെല്ലാം നിങ്ങൾ സഹിച്ചുകഴിഞ്ഞിട്ടും?"

"അദ്ദേഹം അന്നു പറഞ്ഞിട്ടുണ്ട്: 'ഞങ്ങൾ സോവിയററുജനങ്ങളാണ്.' ആ വാക്കുകളിൽ എല്ലാ ജനങ്ങളേയും നിങ്ങൾക്കു കാണുവാൻ കഴിയും. ജീവാവസാനം വരെ ഞാൻ ആ വാക്കുകൾ എൻെറ മനസ്സിൽ ഓമ്മിച്ചുകൊണ്ടിരിക്കും."

★

KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No MF9 POL·N Acc. No. 83755

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 83755

POL.N.

പോളിവോയ്-ബി

ഞങ്ങൾ സോവ്യറ്റു ജനങ്ങൾ

N. B. S. പുസ്തകങ്ങൾ

സോവ്യറ്റ് നാട്ട് (രണ്ടാംപതിപ്പ്)	സി. അച്യുതമേനോൻ	4	[illegible]
മായാലോകം (ഡിറക്റ്റീവ്)	കുത്താട്ടുകുളം എം. എസ്. പിള്ള	3	[illegible]
രാജമല്ലി (രണ്ടാംപതിപ്പ്)	എസ്. കെ. പൊറ്റെക്കാട്ട്	2	[illegible]
ഡെമോക്രസി	പൊൻകുന്നം വർക്കി	2	[illegible]
നടി (രണ്ടാംപതിപ്പ്)	കേശവദേവ്	2	[illegible]
നിലവറയിലെ അസ്ഥിപഞ്ജരം ...	(ഡിറക്ടീവ്)	2	[illegible]
"ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്"	ബഷീർ	2	[illegible]
[illegible]ത്തിന്റെ ആരംഭം ...	എം. ഗോവിന്ദൻ	2	[illegible]
വെറും കോവിൽ	ഖാണ്ഡേക്കർ	2	[illegible]
വേലുത്തമ്പിദളവാ	കൈനിക്കര	1	12
സാഹിത്യകൗതുകം (4-ാംഭാഗം)	ജി.	1	[illegible]
യമന്റെ മുമ്പിൽ	കോവൂർ	1	8
കൂമ്പെടുക്കുന്ന മണ്ണ്	പി. സി. കുട്ടികൃഷ്ണൻ	1	8
കൈവിളക്ക്	കുട്ടികൃഷ്ണമാരാര്	1	8
തകഴിയുടെ കഥകൾ	തകഴി	1	4
ഒരുപിടിമണ്ണ്	കാരൂർ	1	4
കൊടുംകാറ്റിൽനിന്ന്	അന്തർജ്ജനം	1	4
സ്വാതന്ത്ര്യകാഹളം	ബോധേശ്വരൻ	1	4
ശാസ്ത്രദീപ്തി	ബാലരാമമേനോൻ	1	4
എലിവാണം (രണ്ടാംപതിപ്പ്)	ഡീസീ	1	4
അരളിപ്പൂക്കൾ	ജി. കുമാരപിള്ള	1	4
ലഘുഭക്ഷണം	പി. കെ. രാജരാജവർമ്മ	1	4
അവൻ വീണ്ടും വരുന്നു (രണ്ടാംപതിപ്പ്)	സി. ജെ. തോമസ്	1	0
കഥയല്ല	കാരൂർ	1	0
മഞ്ഞപ്പിത്തം	കിഷൻചന്ദർ	1	0
ജീവിക്കുവാൻ മറന്നുപോയ സ്ത്രീ	വെട്ടൂർ	1	0
മനുഷ്യർ	പാലാ	1	0
പ്രേമരഞ്ജനം	സരസ്വതിഅമ്മ	1	0
ചലച്ചിത്രകല	നാഗവള്ളി	1	0
തൊപ്പിയും തട്ടവും	എൻ. പി. മുഹമ്മദ്	1	0
പുത്തൻകലവും അരിവാളും	ഇടശ്ശേരി	1	0
മന്ത്രിയുടെ മകൾ	കെടാമംഗലം	1	0
സ്ഥാനാർത്ഥികൾ (രാഷ്ട്രീയനാടകം)	വള്ളംകുളം പി. ജി. പിള്ള	1	0
മുൾക്കിരീടം	പി. ഭാസ്കരൻ	1	0
നാം കാടന്മാരാണ് (രണ്ടാംപതിപ്പ്)	കിഷൻചന്ദർ	1	0
സോഷ്യലിസം	സി. ജെ. തോമസ്	0	12
ഉലക്ക	കേശവദേവ്	0	12
ഫുട്ട്റൂൾ	റാഫി	0	8
ഞങ്ങൾ സോവ്യറ്റ് ജനങ്ങൾ	ബി. പോളിവോയ്	0	8

നാഷനൽ ബുക്ക്സ്റ്റാൾ

പോസ്റ്റ് ബോക്സ് നമ്പർ 47, കോട്ടയം.